بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ　نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ　وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം
1

വാർഷിക
വരിസംഖ്യ
300 രൂപ

# ബദർ
വീക്കിലി ഖാദിയാൻ

The weekly
**BADAR** Qadian
Malayalam

ലക്കം
24

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadrqadian.in

2016 ആഗസ്റ്റ് 18/ഹി:ശം:1395 ളുഹൂർ 18/ഹി:ഖ: 1437 ദുൽഖഅ്ദ് 14

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ജൂലായ് 15ന് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**വിശുദ്ധ ഖുർആൻ പല സ്ഥലങ്ങളിലും റസൂലിന്റെ അനുധാവനത്തെ പരിപൂർണ തൗഹീദുമായി ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നു. എന്തെന്നാൽ പരിപൂർണ തൗഹീദ് ഒരു പുതിയ ജീവിതമാണ്. പരിപൂർണമായ നിലയിൽ ദൈവദൂതനെ അനുധാവനം ചെയ്തുകൊണ്ട് തന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം വരിക്കുന്നതുവരെ മോക്ഷം പ്രാപിക്കാനാവില്ല.**

**എന്തുകൊണ്ടെന്നാൽ തൗഹീദിന്റെ യാഥാർഥ്യമെന്നു പറയുന്നത്, മനുഷ്യൻ ബാഹ്യ വസ്തുക്കളെ, അതായത്, ബിംബങ്ങളേയോ മനുഷ്യരേയോ സൂര്യചന്ദ്രാദി ഗോളങ്ങളേയോ ആരാധിക്കുന്നതിൽനിന്ന് വിട്ട് നിൽക്കുന്നതുപോലെ ആന്തരികമായ ആരാധ്യവസ്തുക്കളിൽ നിന്നും വിട്ട് നിൽക്കുക എന്നതാണ്. അതായത്, തന്റെ ആത്മീയവും ശാരീരികവുമായ കഴിവുകളിൽ മാത്രം വിശ്വാസം അർപ്പിക്കുന്നതിൽ നിന്നും അവ മുഖേന അഹങ്കാരമെന്ന നാശത്തിൽ അകപ്പെടുന്നതിൽനിന്നും തന്നെസ്വയം സംരക്ഷിക്കേണ്ടതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

മോക്ഷം കരസ്ഥമാക്കുന്നതിന് മനുഷ്യൻ ദൈവത്തിന്റെ അസ്തിത്വത്തിൽ ദൃഢമായി വിശ്വസിക്കേണ്ടത് അനിവാര്യമാണെന്ന് നാം വിവരിച്ചിട്ടുള്ളതാണ്. ദൃഢവിശ്വാസം മാത്രമല്ല, അനുസരണത്തിനായി അരമുറുക്കി ഇറങ്ങുകയും അവന്റെ തൃപ്തിയുടെ മാർഗങ്ങളെ തിരിച്ചറിയുകയും വേണ്ടതാണ്. ഈ രണ്ടു കാര്യങ്ങളും ലോകാരംഭം മുതൽതന്നെ അല്ലാഹുവിന്റെ പ്രവാചകന്മാർ മുഖേന മാത്രമാണ് പ്രാപ്യമായി കൊണ്ടിരുന്നത്. എന്നിരിക്കെ ഒരു വ്യക്തി തൗഹീദിൽ വിശ്വസിച്ചും അതേസമയം പ്രവാചകന്മാരിൽ വിശ്വസിക്കാതെയും മോക്ഷം പ്രാപിക്കുമെന്നത് എത്രമാത്രം വ്യർഥമായ ചിന്തയാണ്. അല്ലയോ യുക്തിഹീനരും അജ്ഞരുമായവരേ, പ്രവാചകൻ മുഖാന്തിരമല്ലാതെ തൗഹീദ് നിങ്ങൾക്ക് എങ്ങനെയാണു ലഭിക്കുക? പകൽ വെളിച്ചത്തെ വെറുക്കുകയും അതിൽ നിന്ന് ഓടിപ്പോകുകയും എന്നിട്ട് എനിക്ക് സൂര്യൻ മതി, പകലിന്റെ ആവശ്യമില്ല എന്ന് പറയുകയും ചെയ്യുന്ന വ്യക്തിയുടെ അവസ്ഥ പോലെയാണത്. പകലിൽ നിന്ന് വേറിട്ട സംഗതിയല്ല സൂര്യൻ എന്ന് ആ അജ്ഞൻ അറിയുന്നില്ല. അതിനിഗൂഢവും അദൃശ്യത്തിൽ അദൃശ്യവും പിന്നിന്റെ പിന്നിലുള്ളതുമായ അസ്തിത്വമാണ് ദൈവത്തിന്റേത് എന്ന് ആ അജ്ഞർ മനസ്സിലാക്കുന്നില്ല. ഒരു ബുദ്ധിക്കും അവനെ കണ്ടെത്താനാവില്ല. അവൻ സ്വയം തന്നെ പറയുന്നു: ലാ തുദ്‌രികുഹുൽ അബ്സാറു വഹുവ യുദ്‌രിക്കുൽ അബ്സ്വാർ. അതായത്, ബുദ്ധിതീഷ്ണതയ്ക്കോ സൂക്ഷ്മദൃഷ്ടിയ്ക്കോ അവനെ പ്രാപിക്കാനാവില്ല. എന്നാൽ അവൻ അവയുടെ സീമയെ അറിയുന്നവനും അവയുടെമേൽ അജയ്യനുമാണ്. ആയതിനാൽ, വെറും യുക്തിയിലൂടെ അവന്റെ തൗഹീദ് അസംഭാവ്യമാണ്. എന്തുകൊണ്ടെന്നാൽ തൗഹീദിന്റെ യാഥാർഥ്യമെന്നു പറയുന്നത്, മനുഷ്യൻ ബാഹ്യ വസ്തുക്കളെ, അതായത്, ബിംബങ്ങളേയോ മനുഷ്യരേയോ സൂര്യചന്ദ്രാദി ഗോളങ്ങളേയോ ആരാധിക്കുന്നതിൽനിന്ന് വിട്ട് നിൽക്കുന്നതുപോലെ ആന്തരികമായ ആരാധ്യവസ്തുക്കളിൽ നിന്നും വിട്ട് നിൽക്കുക എന്നതാണ്. അതായത്, തന്റെ ആത്മീയവും ശാരീരികവുമായ കഴിവുകളിൽ മാത്രം വിശ്വാസം അർപ്പിക്കുന്നതിൽ നിന്നും അവമുഖേന അഹങ്കാരമെന്ന നാശത്തിൽ അകപ്പെടുന്നതിൽനിന്നും തന്നെസ്വയം സംരക്ഷിക്കേണ്ടതാണ്. അതിനാൽ ഈ രീതിയിൽ അഹങ്കാരം ഉപേക്ഷിക്കാതെയും റസൂലിന്റെ കോന്തല പിടിക്കാതെയും പൂർണമായ തൗഹീദ് കരസ്ഥമാകുകയില്ലെന്നത് വ്യക്തമാണ്.

തന്റെ ഏതെങ്കിലും ശക്തിയെ ദൈവത്തിന് പങ്കാളിയായി നിശ്ചയിക്കുന്നവൻ ഏകദൈവ വിശ്വാസി എന്ന് എങ്ങനെയാണ് പറയപ്പെടുക? അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ പല സ്ഥലങ്ങളിലും റസൂലിന്റെ അനുധാവനത്തെ പരിപൂർണ തൗഹീദുമായി ബന്ധപ്പെടുത്തി പറഞ്ഞത്. എന്തെന്നാൽ പരിപൂർണ തൗഹീദ് ഒരു പുതിയ ജീവിതമാണ്. പരിപൂർണമായ നിലയിൽ ദൈവദൂതനെ അനുധാവനം ചെയ്തുകൊണ്ട് തന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം വരിക്കുന്നതുവരെ മോക്ഷം പ്രാപിക്കാനാവില്ല. മാത്രമല്ല, ആ അജ്ഞരായവർ പറഞ്ഞതുപ്രകാരമാണെങ്കിൽ വിശുദ്ധ ഖുർആനിൽ വൈരുധ്യങ്ങളുണ്ടാകുന്നതാണ്.

എന്തെന്നാൽ, ദൈവദൂതനിലൂടെയല്ലാതെ തൗഹീദ് ലഭിക്കുകയില്ലെന്നും മോക്ഷം ലഭിക്കുകയില്ലെന്നും ഒരു ഭാഗത്ത് വിശുദ്ധ ഖുർആൻ ആവർത്തിച്ചു പറയുമ്പോൾ മറുഭാഗത്ത് ഇവർ പറയുന്നത് ലഭിക്കുമെന്നാണ്. വാസ്തവത്തിൽ തൗഹീദിന്റേയും മോക്ഷത്തിന്റേയും സൂര്യനും അതിനെ പ്രകടിപ്പിക്കുന്നവനും ദൈവദൂതൻ മാത്രമാണ്. അദ്ദേഹത്തിന്റെ വെളിച്ചംകൊണ്ടാണ് തൗഹീദ് വെളിപ്പെടുന്നത്. ആയതിനാൽ, അത്തരത്തിലുള്ള വൈരുദ്ധ്യങ്ങൾ ദൈവഗ്രന്ഥത്തിൽ ആരോപിക്കാവതല്ല.

തൗഹീദിന്റെ യാഥാർഥ്യം ഒട്ടുംമനസ്സിലാക്കിയില്ല എന്നതാണ് ആ അജ്ഞന് ഉണ്ടായ വലിയ അബദ്ധം. ബാഹ്യവും ആന്തരികവുമായ ആരാധ്യരെ വർജ്ജിച്ചതിനുശേഷം മനസ്സിലുണ്ടാകുന്ന ഒരു വെളിച്ചമാണ് തൗഹീദ്. മനുഷ്യന്റെ ഓരോ അണുവിലും അത് പ്രവഹിച്ചുപോകുന്നു. അതിനാൽ അല്ലാഹുവും അവന്റെ റസൂലും മുഖേനയല്ലാതെ സ്വന്തം ശക്തികൊണ്ടുമാത്രം അതെങ്ങനെ കരസ്ഥമാകാനാണ്? തന്റെ അഹന്തയിൽ മരണമുണ്ടാക്കുകയും താൻ തന്റെ അറിവുകളിൽ വളർന്നവനാണെന്ന സാത്താനിക ഗർവ് ഉപേക്ഷിക്കുകയും ഒരു അജ്ഞനെപ്പോലെ തന്നെ സങ്കല്പിക്കുകയും ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക എന്നതുമാത്രമാണ് മനുഷ്യന്റെ ജോലി. അപ്പോൾ തൗഹീദിന്റെ വെളിച്ചം ദൈവത്തിൽ നിന്ന് അവനിൽ ഇറങ്ങുകയും ഒരു പുതുജീവിതം അവന് പ്രദാനം ചെയ്യപ്പെടുകയും ചെയ്യുന്നു.

അവസാനമായി, ഒരു കാര്യം കൂടി പറയേണ്ടത് അനിവാര്യമാണെന്ന് നാം മനസ്സിലാക്കുന്നു. വിശുദ്ധ ഖുർആനിൽ ചിന്താദൃഷ്ടിയോടെ നോക്കുമ്പോൾ വിശുദ്ധ ഖുർആൻ അയക്കുകയും നബി(സ)തിരുമേനിയെ നിയോഗിക്കുകയും ചെയ്ത സത്തയാണ് അല്ലാഹുവെന്ന് ആ പദത്തിന്റെ ഉള്ളടക്കത്തിൽനിന്ന് മനസ്സിലാകുന്നുണ്ടെങ്കിലും അത് അവഗണിച്ചുകൊണ്ട് 'അല്ലാഹു എന്ന പദം സാധാരണ അർഥങ്ങളിൽപെട്ടതാണെന്നും അതിന്റെ അർഥം ദൈവം എന്നാണെന്നും' മുള്ള ഇവരുടെ അർഥം സമ്മതിച്ചാൽത്തന്നെയും എതിരാളികൾക്ക് അതും പ്രയോ

(ശേഷം പേജ് 8ൽ)

## 122-ാമത് ജൽസസാലാന ഖാദിയാൻ (ജൽസയ്ക്ക് തുടക്കം കുറിച്ചിട്ട് 125-ാമത്)

2016 ഡിസംബർ 26,27,28 (തിങ്കൾ, ചൊവ്വ, ബുധൻ)

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ഖാദിയാനിലെ 122-ാമത് ജൽസസാലാന 2016 ഡിസംബർ 26,27,28 (തിങ്കൾ, ചൊവ്വ, ബുധൻ)എന്നീ തിയതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന ഉദ്ദേശ്യത്തോടെ ദുആയോടുകൂടി തയ്യാറെടുപ്പുകളും നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഫലമെടുക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. ഈ ജൽസ എല്ലാ വിധത്തിലും വിജയപ്രദമാകുന്നതിനും സൗഭാഗ്യരായ ആത്മാക്കൾക്ക് സന്മാർഗപ്രാപ്തിക്കു കാരണമാകുന്നതിനും ദുആ ചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനുൽജസാ

**(നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**ജമാഅത്തിലെ ഓരോ അംഗവും ഖലീഫത്തുൽ മസീഹിന്റെ നിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഉന്നത നിലയിലുള്ള അനുസരണവും ഐക്യവും ഉണ്ടാകുന്നതാണ്.**

**ഇസ്‌ലാമിക പ്രബോധനം അഭിവൃദ്ധിപ്പെടുകയും മനുഷ്യകുലത്തിനു സേവനം ചെയ്യാനുള്ള വിസ്മയകരമായ വഴികൾ തുറക്കുകയും ചെയ്യുന്നതാണ്.**

**നിങ്ങൾ എല്ലാത്തരത്തിലുള്ള തിന്മകളും ഉപേക്ഷിച്ച് നിങ്ങളുടെ മാതൃകയിൽ ഉന്നതമായ ഇസ്‌ലാമിക മൂല്യങ്ങളും പാരമ്പര്യങ്ങളും ദർശിക്കാൻ കഴിയുംവിധമുള്ള ശീലമുണ്ടായിരിക്കേണ്ടതാണ്. നിങ്ങളിൽ ഓരോരുത്തരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങളനുസരിച്ച് നിങ്ങളുടെ അവസ്ഥകളെ നന്നാക്കുകയും കഴിവിന്റെ പരമാവധി നിങ്ങളുടെ പരിഷ്കരണത്തിന് ശ്രമിക്കുകയും ചെയ്യേണ്ടതാണ്. ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും ഈ ഉന്നതമായ സ്വഭാവഗുണങ്ങൾ സ്വായത്തമാക്കുകയാണെങ്കിൽ ഒരു മനോഹരമായ അന്തരീക്ഷം ഉണ്ടാകുന്നതായിരിക്കും.**

**നിങ്ങളും നിങ്ങളുടെ കുടുംബവും കൂടുതലായി എം.ടി.എ കേൾക്കുക. എന്റെ ഖുത്ബകളും വിവിധ അവസരങ്ങളിൽ ചെയ്തിട്ടുള്ള പ്രഭാഷണങ്ങളും കേൾക്കുക.**

## 2016 ജനുവരിയിൽ സംഘടിപ്പിച്ച ഘാന അഹ്മദിയ്യാ വാർഷിക സമ്മേളനത്തിൽ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ പ്രൗഢോജ്ജ്വലമായ സന്ദേശം.

ഘാന(പശ്ചിമാഫ്രിക്ക) അഹ്മദിയ്യാ ജമാഅത്തിന്റെ 84-ാമത് ജൽസസാലാന(വാർഷികസമ്മേളനം) 2016 ജനുവരി 7, 8, 9 തിയതികളിൽ 'ബാഗെ അഹ്മദി'ൽ(അഹ്മദിന്റെ തോട്ടം) സംഘടിപ്പിക്കുകയുണ്ടായി. 460 ഏക്കർ സ്ഥലമടങ്ങുന്ന ഒരു മനോഹരമായ സ്ഥലമാണ് 'ബാഗെ അഹ്മദ്'. ഇവിടെയാണ് ഘാന അഹ്മദിയ്യാ ജമാഅത്തിന്റെ വാർഷിക സമ്മേളനം നടക്കാറുള്ളത്. ജൽസയിൽ ഘാന വൈസ് പ്രസിഡന്റ്, പ്രതിരോധ മന്ത്രിമാർ, മറ്റു സർക്കാർ ഓഫീസർമാർ തുടങ്ങിയവരും ട്രഡീഷണൽ ചീഫുമാരും രാജ്യത്തെ മറ്റു ആദരണീയ വ്യക്തികളും പങ്കെടുത്തു. ഇപ്രകാരംതന്നെ നൈജീരിയായിലേയും ജർമനിയിലേയും അമീർമാർക്കും ജമാഅത്തംഗങ്ങളോടൊപ്പം ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് ലഭിക്കുകയുണ്ടായി. പശ്ചിമാഫ്രിക്കയിലെ മറ്റു രാജ്യങ്ങളിൽനിന്നും അതിഥികൾ പങ്കെടുത്തിരുന്നു. ജൽസയിൽ 36000 പേർ പങ്കെടുത്തിരുന്നു. വിശദമായ റിപ്പോർട്ട് 25-03-2016 ലെ അൽഫള്ൽ ഇന്റർനാഷണൽ പത്രത്തിന്റെ പേജ് 12-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് സമ്മേളനത്തിലേക്കയച്ച പ്രോജ്ജ്വലമായ സന്ദേശം ഇവിടെ സമർപിക്കുകയാണ്. അല്ലാഹു നമുക്കെല്ലാവർക്കും അമീറുൽമുഅ്മനീന്റെ ഉപദേശമനുസരിച്ച് നമ്മുടെ ജീവിതം സുവർണമാക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. ആമീൻ(എഡിറ്റർ)

ഘാനയിലെ എന്റെ പ്രിയപ്പെട്ട ജമാഅത്തംഗങ്ങളേ!
*അസ്സലാമു അലയ്ക്കും*
*വറഹ്മത്തുല്ലാഹി വ ബറക്കാത്തുഹൂ.*

നിങ്ങൾ ജനുവരി 7, 8, 9 തിയതികളിൽ നിങ്ങളുടെ ജൽസ സംഘടിപ്പിക്കുന്നവെന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു നിങ്ങളുടെ ഈ ജൽസ വിജയകരമാക്കട്ടെ എന്ന് ദുആ ചെയ്യുന്നു. ഈ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും അതിരറ്റ ആത്മീയമായകൃപാദാനങ്ങളും എണ്ണമറ്റ അനുഗ്രഹങ്ങളും കരസ്ഥമാക്കുന്നവരാകട്ടെ.

ഞാൻ എന്റെ എല്ലാ ഖുത്ബകളിലും ആവർത്തിച്ചാവർത്തിച്ച് സത്യവാനും ആത്മാർഥനുമായ ഒരു അഹ്മദിയായിത്തീരുന്നതിന് കഠിനമായി പരിശ്രമിക്കേണ്ടതിന്റെ പ്രാധാന്യം ശക്തമായ നിലയിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹു ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിയോഗിച്ചയച്ചിരിക്കുന്നു. അതിന്റെ ഉദ്ദേശ്യവും ജനഹൃദയങ്ങളിൽ അല്ലാഹുവിന്റെ സത്തയിലുള്ള സത്യമായ വിശ്വാസം ഉണ്ടാക്കുക എന്നതാണ്. ലോകത്ത് ഇസ്‌ലാമികാധ്യാപനങ്ങളുടെ തിളക്കമാർന്ന മാതൃക സ്ഥാപിതമാകുന്നവിധമുള്ള സത്യാത്മക്കളായ വിശ്വസ്തരുണ്ടാകണം. അതുകൊണ്ട് ആ മഹാത്മാവിനെ വിശ്വസിച്ചിട്ടുള്ളവരും ബയ്അത്തുചെയ്തിട്ടുള്ളവരുമായ അഹ്മദികളായ നമുക്ക് ഈ മണ്ണിൽ ഇസ്‌ലാമിന്റെ ഉദാത്തമായ മാതൃക കാഴ്ചവെച്ചിട്ടുളളവരിൽ ഉൾപ്പെട്ടവരാകാൻ പരിശ്രമിക്കേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"എന്റെ നിയോഗത്തിന് രണ്ടുദ്ദേശ്യമാണുള്ളത്. മനുഷ്യൻ പരിപൂർണമായും ഏകനും തനിച്ചുള്ളവനുമായ അല്ലാഹുവിന് തന്നെ ഏല്പിച്ചുകൊടുക്കുക എന്നതാണ് ഒന്ന്. രണ്ട് പരസ്പരം സ്നേഹവും സഹതാപവും അവൻ പ്രകടിപ്പിക്കുക എന്നതാണ്. അതുകൊണ്ട് മറ്റു മതാനുയായികൾക്ക് ദിവ്യദൃഷ്ടാന്തവും അമാനുഷിക കർമവും ആകും വിധമുള്ള നിങ്ങളുടെ അതുല്യമായ മാതൃക നിങ്ങൾ കാഴ്ചവെക്കുക." (മൽഫൂദാത്ത് വാള്യം 1 പേജ് 236)

അതിനാൽ ഈ മഹത്തായ ലക്ഷ്യം നിങ്ങൾ നിങ്ങളുടെ മനസ്സുകളിൽ നിക്ഷേപിച്ച് വെക്കേണ്ടത് നിർബന്ധമാണ്. അതിനുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ജമാഅത്ത് സ്ഥാപിച്ചിട്ടുള്ളത്. ഈ രണ്ടുദ്ദേശ്യങ്ങളും കരസ്ഥമാക്കുന്നതിനുവേണ്ടി നിങ്ങൾ പരിശ്രമിക്കേണ്ടതാണ്. നമുക്ക് നമ്മുടെ അല്ലാഹുവുമായിട്ടുള്ള ബന്ധം വളരെ ഗൗരവതരമായി വെക്കേണ്ടിവരും എന്നതാണ് പ്രഥമവും ഏറ്റവും പ്രധാനപ്പെട്ടതും. അതിനോടൊപ്പം നന്മകളെ നമ്മുടെ ഉള്ളിൽ നടപ്പിൽ വരുത്തുകയും നമ്മുടെ സേവനങ്ങളുടെ പ്രവർത്തന വൃത്തങ്ങൾ നമ്മുടെ അയൽവാസികളിൽനിന്നുതുടങ്ങി നമ്മുടെ ജനതയും പിന്നീട് അവിടെനിന്നും മുന്നോട്ടു കടന്ന് മുഴുവൻ മനുഷ്യകുലംവരേയും വിശാലമാക്കിക്കൊണ്ടു പോകേണ്ടിയും വരും. നമ്മൾ ബയ്അത്തിന്റെ നിബന്ധനകൾ എത്രത്തോളം നമ്മളിൽ നടപ്പിൽ വരുത്തിയെന്നതും പരിശോധിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞു:

"ഈ ബയ്അത്തിന്റെ പരമ്പര എന്നത് വെറും തഖ്വ ശീലമുള്ള ആളുകളെ സംഘടിപ്പിക്കുന്നതിനു വേണ്ടിയുള്ളതാണ്. അത്തരം മുത്തഖിമാരുടെ ശക്തമായ സംഘം ദുൻയാവിന്റെമേൽ ഒരു നല്ല സ്വാധീനം ചെലുത്തണം. അവരുടെ ഐക്യം ഇസ്‌ലാമിന് അനുഗ്രഹത്തിനും മഹത്വത്തിനും സൽഫലങ്ങൾക്കും നിമിത്തമാകണം. അവർ മടിയരും പിശുക്കരും അലസരുമായ മുസ്‌ലിംകളാകാതെ ഏകകലിമയുടെ അനുഗ്രഹത്താൽ ഒന്നിച്ചുകൊണ്ട് ഇസ്‌ലാമിന്റെ പരിശുദ്ധവും പവിത്രവുമായ സേവനത്തിന് പെട്ടെന്ന് പ്രയോജനപ്പെടുന്നവരാകണം. തങ്ങളുടെ ഭിന്നിപ്പും ഐക്യമില്ലായ്മയും കാരണത്താൽ ഇസ്‌ലാമിന് കഠിനമായ നഷ്ടം വരുത്തിവച്ചിട്ടുള്ള അയോഗ്യരായ മുസ്‌ലീംകളെപ്പോലെ അവർ ആകരുത്. അവർ ജനതകളോടു സഹതാപമുള്ളവരാകണം. ദരിദ്രരുടെ അഭയകേന്ദ്രമാകണം. യതീംകൾക്ക് പിതാവിനെപ്പോലെ ആയിത്തീരണം. ഇസ്‌ലാമിക പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിന് പ്രേമാധിക്യമുള്ളവരെപ്പോലെ ആസക്തരാകാൻ തയ്യാറാകണം. അവരുടെ പൊതുവായ അനുഗ്രഹങ്ങൾ ലോകംമുഴുവൻ വ്യാപിക്കണം. ദൈവസ്നേഹത്തിന്റേയും ദൈവത്തിന്റെ ദാസരോടുള്ള സഹതാപത്തിന്റേയും അരുവി ഓരോ മനസ്സിൽനിന്നും പുറപ്പെടുകയും ഒരു സ്ഥലത്ത് സമ്മേളിച്ച് ഒരു നദിയായി ഒഴുകുകയും ചെയ്യുന്നത് കാണാൻ കഴിയണം.

അല്ലാഹു ഈ സംഘത്തെ തന്റെ പ്രതാപം വെളിവാക്കുന്നതിനും തന്റെ ശക്തിപ്രഭാവം കാണിക്കുന്നതിനുംവേണ്ടി സൃഷ്ടിക്കാനും പിന്നീട് അഭിവൃദ്ധി നല്കാനും ആഗ്രഹിച്ചു; ലോകത്ത് ദൈവസ്നേഹവും നിഷ്കപടമായ പശ്ചാത്താപവും പരിശുദ്ധിയും യഥാർഥ നന്മയും ശാന്തിയും അറിവും മനുഷ്യരോടുള്ള സഹതാപവും പരത്തുന്നതിനുവേണ്ടി."( മജ്മൂഅ ഇശ്തിഹാറാത്ത് വാള്യം 1 പേജ് 196-198)

അതുകൊണ്ട് നിങ്ങൾ വെറും വാചകമടിക്കുന്നവരാകരുത്. മറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്തിട്ടുള്ള ബയ്അത്ത് പ്രതിജ്ഞയുടെ യഥാർഥ ഉദ്ദേശ്യം പൂർത്തിയാക്കുന്നവരാകേണ്ടതാണ്. നിങ്ങൾ നിങ്ങളുടെ ഉള്ളിൽ പരിവർത്തനമുണ്ടാക്കേണ്ടതാണ്. കാരണം കേവലം വാചകമടികൊണ്ട് അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ നിങ്ങൾക്കാവില്ല. നിങ്ങൾ ആന്തരികമായി മാറ്റമുണ്ടാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ നിങ്ങളുടെ പെരുമാറ്റത്തിലും കർമത്തിലും ഒരു പോസിറ്റീവായിട്ടുള്ള പരിവർത്തനം കൊണ്ടുവരുന്നില്ലെങ്കിൽ നിങ്ങളും മറ്റു മുസ്‌ലീംകളും തമ്മിൽ ഒരു വ്യത്യാസവുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)വളരെ വ്യക്തമായ വാക്കുകളിൽ പറഞ്ഞു:

"ഈ ജമാഅത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ ഒന്നാമതായി ജീവിതത്തിൽ മാറ്റമുണ്ടാക്കേണ്ടതാണ്. അതായത് ദൈവത്തിലുള്ള വിശ്വാസം സത്യമായിരിക്കണം. അത് എല്ലാ വിപൽഘട്ടങ്ങളിലും പ്രയോജനപ്പെടണം. പിന്നീട് അതിന്റെ കല്പനകളെ നിസാരദൃഷ്ടിയോടെ കാണാൻ പാടില്ല. മറിച്ച് ഓരോരോ കല്പനകളേയും ബഹുമാനിക്കണം. ബഹുമാനിക്കുന്നു എന്നതിന് കർമപരമായ തെളിവ് നല്കുകയുംവേണം."(ദിക്റെ ഹബീബ് പേജ് 436) "ചുറ്റുവട്ടത്തുള്ള എല്ലാവരും നിങ്ങളുടെ നന്മയും നിങ്ങളുടെ ശീലവും കണ്ട് നിങ്ങളെ പ്രശംസിക്കുംവിധം നിങ്ങൾ മാതൃകയാവേണ്ടതാണ്. നിങ്ങൾ എല്ലാത്തരത്തിലുള്ള തിന്മകളും ഉപേക്ഷിച്ച് നിങ്ങളുടെ മാതൃകയിൽ ഉന്നതമായ ഇസ്‌ലാമിക മൂല്യങ്ങളും പാരമ്പര്യങ്ങളും ദർശിക്കാൻ കഴിയുംവിധമുള്ള ശീലമുണ്ടായിരിക്കേണ്ടതാണ്. നിങ്ങളിൽ ഓരോരുത്തരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങളനുസരിച്ച് നിങ്ങളുടെ അവസ്ഥകളെ നന്നാക്കുകയും കഴിവിന്റെ പരമാവധി നിങ്ങളുടെ പരിഷ്കരണത്തിന് ശ്രമിക്കുകയും ചെയ്യേണ്ടതാണ്. ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും ഈ ഉന്നതമായ സ്വഭാവഗുണങ്ങൾ സ്വായത്തമാക്കുകയാണെങ്കിൽ ഒരു മനോഹരമായ അന്തരീക്ഷം ഉണ്ടാകുന്നതായിരിക്കും. അത് യഥാർഥ അന്വേഷകരെ അഹ്മദിയ്യ

**(ശേഷം പേജ് 7ൽ)**

**Website Design & Online Marketing**
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK TRAVEL CORPORATION
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഖുത്ബ ജുമുഅ

**ഇത് ജമാഅത്തിന്റെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന വർഷമാണ്. ദേശീയ, തദ്ദേശ തലത്തിൽ അധികസ്ഥലങ്ങളിലും ഇപ്പോൾ തിരഞ്ഞെടുപ്പ് നടന്നു കഴിഞ്ഞു; അമീർമാർക്കും പ്രസിഡന്റുമാർക്കും മറ്റു ഭാരവാഹികൾക്കും മുബല്ലിഗുമാർക്കും സുപ്രധാനമായ നിർദേശങ്ങൾ.**

ഇതൊരു അടിസ്ഥാനപരമായ പ്രത്യേകത ആവേണ്ടതാണ്. പ്രത്യേകിച്ചും ജമാഅത്തുപരമായ ജോലികളുടെ ഉത്തരവാദിത്വം കൈയാളുന്നവർ എപ്പോഴും സത്യസന്ധതയിൽ നിലനിന്നുകൊണ്ടും തങ്ങളുടെ ഭക്തിയുടെ നിലവാരം ഉയർത്തിക്കൊണ്ടും തങ്ങളുടെ ജോലി നിർവഹിക്കുക. തർബിയ്യത്ത് വകുപ്പ് പ്രവർത്തനനിരതമായിക്കഴിഞ്ഞാൽ മറ്റു വകുപ്പുകളുടെ ധാരാളം ജോലികളും സ്വയമേവ നടന്നുപോകുന്നതാണ്.

തർബിയ്യത്തിന്റെ ജോലി ആദ്യം നിങ്ങളുടെ വീട്ടിൽനിന്ന് തുടങ്ങുക. ഇത് തർബിയ്യത്ത് സെക്രട്ടറിയുടെ വീട് മാത്രമല്ല. മറിച്ച് ആമിലായിലെ എല്ലാ മെമ്പർമാരുടേയും വീടുകളാണ്.

മജ്‌ലിസെ ആമില എല്ലാവരെക്കാളുമുപരി തങ്ങളുടെ തർബിയ്യത്ത്ചെയ്യുക എന്നതാണ് പ്രധാന കാര്യം. പരിപാടികൾ തയ്യാറാക്കുമ്പോൾ ജമാഅത്തിന്റെ അമീർ,ജമാഅത്തിന്റെ പ്രസിഡന്റ്,തർബിയ്യത്ത് സെക്രട്ടറി എന്നിവർ തങ്ങളുടെ മജ്‌ലിസെ ആമില ആ പരിപാടികളനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്നാണ് ഏറ്റവുമാദ്യം നോക്കേണ്ടത്. അല്ലാഹുവിന്റെ അടിസ്ഥാനപരമായ കല്പനകളും മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും ആമില അംഗങ്ങൾ പൂർത്തിയാക്കുന്നുണ്ടോ? അല്ലാഹുവിനോടുള്ള കടമകളിൽ ഏറ്റവും വലിയ കടമ ഇബാദത്തിന്റേതാണ്. അതിന് പുരുഷന്മാരോടുള്ള കല്പന നമസ്കരിക്കുക എന്നതാണ്. നമസ്കരിക്കുക എന്നു പറഞ്ഞാൽ ജമാഅത്തായിട്ട് നമസ്കരിക്കുക എന്നാണ്. അതിനാൽ, അമീർമാരും പ്രസിഡന്റുമാരും മറ്റു ഭാരവാഹികളും തങ്ങളുടെ നമസ്കാരം കാത്തുസൂക്ഷിച്ചുകൊണ്ട് അത് നിലനിറുത്തുന്നതിനും ജമാഅത്തായി നിർവഹിക്കുന്നതിനും പൂർണമായും ശ്രമിക്കുക. നമ്മുടെ എല്ലാ ഭാരവാഹികളിലും നമസ്കാരം ജമാഅത്തായിട്ട് നമസ്കരിക്കാനുള്ള കാര്യബോധമുണ്ടാകേണ്ടതാണ്. ഇല്ലെങ്കിൽ വിശുദ്ധ ഖുർആൻ താക്കീത് ചെയ്ത് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ള അമാനത്തുകൾ നിറവേറ്റുന്നവരാകുകയില്ല.

ഇതിനുപുറമെയും ചില കാര്യങ്ങളുണ്ട്. അവ ഭാരവാഹികൾ പ്രത്യേകമായും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ജനങ്ങളുടെ അവകാശങ്ങളും ജമാഅത്തംഗങ്ങളുമായിട്ടുള്ള ഭാരവാഹികളുടെ പെരുമാറ്റവുമായി ബന്ധപ്പെട്ടതാണ്. വിനയമാണ് പ്രത്യേകമായ നിലയിൽ ഭാരവാഹികളിലുണ്ടായിരിക്കേണ്ട ഒരു ഗുണം. അവരവരുടെ പ്രവർത്തനവൃത്തം മനസ്സിലാക്കുന്നതിന് ഭാരവാഹികൾ നിർബന്ധമായും ജമാഅത്തിന്റെ നിയമങ്ങളും വ്യവസ്ഥകളും വായിക്കുകയും മനസ്സിലാക്കുകയും ചെയ്യുക. ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട ഒരു പ്രത്യേകത കീഴുദ്യോഗസ്ഥരോട് നല്ല രീതിയിൽ പെരുമാറുക എന്നതാണ്.

തന്റെ അനുഭവസമ്പത്തും തന്റെ അറിവുംകൊണ്ടാണ് ജമാഅത്തിന്റെ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന ചിന്താഗതി ആരുടെ മനസ്സിലും ഉണ്ടാകാൻ പാടില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ കൃപാകടാക്ഷമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട ഒരു ഗുണം പ്രസന്നതയാണ്. സൽസ്വഭാവത്തോടുകൂടി പെരുമാറുക.

ഭാരവാഹികൾക്ക് -പ്രത്യേകിച്ചും അമീർമാർ, പ്രസിഡന്റുമാർ തർബിയ്യത്ത് വകുപ്പുകൾ, വിധി തീർപ്പാക്കുന്ന സ്ഥാപനങ്ങൾ- ജനങ്ങൾക്ക് സുഗമമായ വഴികളെ കുറിച്ച് ചിന്തിക്കുക എന്ന വലിയ ഉത്തരവാദിത്വമാണുള്ളത്. അല്ലാഹുവിന്റെ കല്പനകൾക്ക് ഉള്ളിൽനിന്നുകൊണ്ട് ഈ മാർഗം സ്വീകരിക്കണമെന്ന കാര്യവും ശ്രദ്ധയിൽ വേണ്ടതാണ്.

ഭാരവാഹികളുടെ പ്രത്യേകിച്ചും അമീർമാരുടേയും പ്രസിഡന്റുമാരുടേയും ജമാഅത്ത് സെക്രട്ടറിമാരുടേയും വളരെ പ്രധാനപ്പെട്ട ജോലിയാണ് കേന്ദ്രത്തിൽനിന്ന് വരുന്ന നിർദേശങ്ങളും സർക്കുലറുകളും പൂർണശ്രദ്ധയോടെ പെട്ടെന്ന് നടപ്പിൽവരുത്തുകയും തങ്ങളുടെ ജമാഅത്തുകൾ മുഖേന നടപ്പിൽ വരുത്തിക്കുകയും ചെയ്യുക എന്നത്.

മൂസിക്കൾ തങ്ങളുടെ ചന്ദകൾ കൃത്യമായി കൊടുക്കുകയും അതിന്റെ കണക്കുകൾ സൂക്ഷിക്കുകയും ചെയ്യേണ്ടത് ഓരോരുത്തരുടേയും സ്വന്തം ചുമതലയാണ്. ഓരോ മൂസിയുടേയും കണക്കുകൾ പൂർത്തിയാക്കി വെക്കുക എന്നത് കേന്ദ്ര ഓഫീസിന്റേയും ബന്ധപ്പെട്ട സെക്രട്ടറിമാരുടേയും ജോലിയുമാണ്. ആവശ്യം വരുമ്പോൾ അവരുടെ ചന്ദയുടെ അവസ്ഥ എന്താണ്? എന്ന് അവരെ ഓർമപ്പെടുത്തുകയും വേണം. തദ്ദേശ ജമാഅത്തിന്റെ സെക്രട്ടറിമാരെ പ്രവർത്തനനിരതരാക്കിവെക്കുക എന്നത് ദേശീയ ജമാഅത്തിന്റെ ജോലിയാണ്. എല്ലാ മൂസിമാരും അവരുടെ ബന്ധത്തിൽ ഉണ്ടായിരിക്കണം.

അല്ലാഹു അടുത്ത മൂന്നു വർഷത്തേക്ക് സേവനം ചെയ്യാൻ അവസരം നല്കിയിരിക്കുന്ന ഈ ഘട്ടത്തിൽ കൂടുതൽ ജോലി തങ്ങളുടെ എല്ലാ കഴിവുകളോടുംകൂടി നിറവേറ്റാനും തങ്ങളുടെ എല്ലാ വാക്കിലൂടേയും പ്രവൃത്തിയിലൂടേയും ജമാഅത്തിൽ മാതൃകയായിത്തീരാനും എല്ലാ ഭാരവാഹികൾക്കും തൗഫീഖ് നല്കുമാറാകട്ടെ.

സാഹിബ് സാദ മിർസാ മുനീർ അഹ്മദ് സാഹിബിന്റെ ഭാര്യ സാഹിബ്സാദി ത്വാഹിറ സിദ്ദീഖ സാഹിബയെ കുറിച്ചുള്ള അനുസ്മരണം.

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

2016 ജൂലായ് 15/1395 വഫാ 15

മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ

اِشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِیْکَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّیْطٰنِ الرَّجِیْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِیْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِیْنَ ۔ اَلرَّحْمٰنِ الرَّحِیْمِ ۔ مٰلِکِ یَوْمِ الدِّیْنِ ۔ اِیَّاکَ نَعْبُدُ وَ اِیَّاکَ نَسْتَعِیْنُ ۔

اِهْدِنَا الصِّرَاطَ الْمُسْتَقِیْمَ ۔ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْهِمْ غَیْرِ الْمَغْضُوْبِ عَلَیْهِمْ وَ لَا الضَّآلِّیْنَ ۔

"കുറച്ചു നാൾ മുമ്പേ ഒരു ഖുത്ബയിൽ ജമാഅത്തിന്റെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന വർഷമാണിതെന്ന് ഞാൻ പറഞ്ഞിരുന്നു. ഇപ്പോൾ അധികസ്ഥലങ്ങളിലും തിരഞ്ഞെടുപ്പ് നടന്നു കഴിഞ്ഞു; ദേശീയതലങ്ങളിലും തദ്ദേശ ജമാഅത്തുകളിലും പുതിയ ഭാരവാഹികൾ തങ്ങളുടെ ചുമതല ഏറ്റെടുക്കുകയും ചെയ്തിരിക്കുന്നു. പുതിയതായി വരുന്നവരും-അവരെ അല്ലാഹു ജമാഅത്തിന് സേവനംചെയ്യാൻ തിരഞ്ഞെടുത്തിരിക്കുന്ന സ്ഥിതിക്ക് അവന് നന്ദി പറയുന്നതിനോടൊപ്പം വിനയത്തോടെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞുകൊണ്ട് അവർക്ക് അവരിൽ അർപിതമായിരിക്കുന്ന ഈ അമാനത്തിനോടു(സൂക്ഷിപ്പുമുതലിനോടു)ള്ള കടമ നിറവേറ്റുന്നതിന് തൗഫീഖ് കിട്ടുന്നതിനുവേണ്ടി അല്ലാഹുവിനോടു സഹായവും തേടേണ്ടതാണ്. ഇപ്രകാരം തന്നെ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭാരവാഹികളും അല്ലാഹു അവർക്ക് വീണ്ടും സേവനം ചെയ്യാൻ തൗഫീഖ് നല്കിയതിന് അല്ലാഹുവിനോടു നന്ദി പറയുന്നതിനോടൊപ്പം അവൻ അവർക്ക് എല്ലാ കഴിവുകളോടുംകൂടി അവരിൽ അർപിതമായിരിക്കുന്ന അമാനത്തിനോടുള്ള കടമ നിറവേറ്റാൻ തൗഫീഖ് കിട്ടുന്നതിനുവേണ്ടി അവനോടു സഹായവും തേടേണ്ടതാണ്. കഴിഞ്ഞ സേവന കാലയളവിൽ അവരിൽനിന്നുണ്ടായിട്ടുള്ള വീഴ്ചകളും അലസതകളും അശ്രദ്ധകളും കാരണത്താൽ അവരിൽ അർപിതമായിരുന്ന അമാനത്തിനോടുള്ള കടമ നിർവഹിക്കാൻ സാധിക്കാതെ വന്നത് അവഗണിച്ചുകൊണ്ട്, തന്റെ കൃപാകടാക്ഷം ചെയ്ത് വരുന്ന മൂന്നു വർഷം സേവനം ചെയ്യാൻ വീണ്ടും അവസരം നല്കിയതിനും ഇനി വീഴ്ചകളും അലസതകളും അശ്രദ്ധകളും ഉണ്ടാകാതിരിക്കുന്നതിനും ഈ അമാനത്തുകളോടുള്ള കടമ നിറവേറ്റുന്നതിനും തൗഫീഖ് കിട്ടുന്നതിനും ദുആ ചെയ്യുക.

ജമാഅത്തിനു ചെയ്യുന്ന സേവനം നിസാര സേവനമായി മനസ്സിലാക്കരുത്. ഉപരിപ്ലമായി എടുക്കുകയും ചെയ്യരുത്. ഭാരവാഹികളാണെങ്കിലും സാധാരണ അഹ്മദിയാണെങ്കിലും നമ്മളിലോരോരുത്തരും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുള്ളവരാണ്. ഒരാൾ ദീനിന്റെ സേവനം അല്ലെങ്കിൽ ഭാരവാഹി എന്ന നിലയിൽ ഏതെങ്കിലും സേവനം ചെയ്യാൻ തയ്യാറാകുമ്പോൾ അല്ലെങ്കിൽ ആ സ്ഥാനത്തേക്ക് നിയമിതനാകുമ്പോൾ അയാൾ മറ്റുള്ളവരെക്കാൾ അധികം തന്റെ പ്രതിജ്ഞ പൂർത്തിയാക്കാൻ ഉത്തരവാദിത്വമുള്ള ആളായിരിക്കും. ഈ പ്രതിജ്ഞ അയാൾ അല്ലാഹുവിനോടാണ് ചെയ്തിരിക്കുന്നതെന്ന് ഓർക്കുക. തങ്ങളുടെ പ്രതിജ്ഞകൾ പൂർത്തിയാക്കാൻ അല്ലാഹു വിശുദ്ധ ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ പറഞ്ഞിരിക്കുന്നു.

അതുകൊണ്ട്, നിങ്ങളെ ഏല്പിച്ചിരിക്കുന്നതും നിങ്ങൾ സ്വീകരിച്ചിരിക്കുന്നതുമായ അമാനത്തുകളും നിങ്ങൾ ചെയ്തിരിക്കുന്ന നിങ്ങളുടെ പ്രതിജ്ഞയും പൂർത്തിയാക്കുക എന്ന് അല്ലാഹു വ്യക്തമായും പറഞ്ഞിരിക്കുന്നുവെന്ന കാര്യം നിങ്ങൾ എപ്പോഴും ഓർക്കുക. ഒരിടത്ത് അല്ലാഹു തങ്ങളുടെ വാക്കുകളിൽ സത്യവാന്മാരും തഖ്‌വയിലൂടെ നടക്കുന്നവരുമായവരുടെ ലക്ഷണമായി ഈ അടയാളം പറഞ്ഞിരിക്കുന്നു. വൽമൂഫൂന ബിഅഹ്ദിഹിം ഇദാ ആഹദൂ അതായത് തങ്ങളുടെ കരാർ-ഏതെങ്കിലും കരാർ ചെയ്താൽ പാലിക്കുന്നവരാണ്.(2:178).

അതുകൊണ്ട് ഇതൊരു അടിസ്ഥാനപരമായ പ്രത്യേകത ആവേണ്ടതാണ്. പ്രത്യേകിച്ചും ജമാഅത്തുപരമായ ജോലികളുടെ ഉത്തരവാദിത്വം കൈയാളുന്നവർ എപ്പോഴും സത്യസന്ധതയിൽ നിലനിന്നുകൊണ്ടും തങ്ങളുടെ ഭക്തിയുടെ നിലവാരം ഉയർത്തിക്കൊണ്ടും തങ്ങളുടെ ജോലി നിർവഹിക്കുക. അവരുടെ സത്യസന്ധതയുടെ നിലവാരത്തിൽ അല്പംപോലും കുറവുവരികയും അവരുടെ ഭക്തിയുടെ നിലവാരം ഒരു സാധാരണ ജമാഅത്തംഗത്തിന് മാതൃകയാകാതിരിക്കുകയും ചെയ്യുന്നെങ്കിൽ അവർ തങ്ങളുടെ പ്രതിജ്ഞയിലേക്കും തങ്ങളുടെ ഭാരവാഹിത്വത്തിലേക്കും തങ്ങളുടെ അമാനത്തിനോടുള്ള കടമ നിർവഹിക്കുന്നതിലേക്കും ശ്രദ്ധചെലുത്തുന്നവരല്ല.

അതുകൊണ്ട് അമീർമാരും പ്രസിഡന്റുമാരും തങ്ങളുടെ ആമിലായുടെ മുമ്പിലും ജമാഅത്തംഗങ്ങളുടെ മുമ്പിലും ഏറ്റവുമാദ്യം തങ്ങളുടെ മാതൃക സ്ഥാപിച്ചുകാണിക്കുക.

തർബിയ്യത്തുസെക്രട്ടറിമാരുടെ ചുമതലയിലാണ് തർബിയ്യത്തിന്റെ ജോലിയുള്ളത്. തർബിയ്യത്തിന്റെ ജോലി ശരിയായ നിലയിൽ സാധ്യമാകുന്നത് മാതൃക സ്ഥാപിതമാകുമ്പോഴാണ്. പ്രവർത്തകർ, ഉത്തരവാദപ്പെട്ടവർ, മറ്റുള്ളവരെ ഉപദേശിക്കുന്നവർ സ്വയം അതനുസരിച്ച് പ്രവർത്തിക്കുന്നവരുമാകണം. അതുകൊണ്ട് തർബിയ്യത്ത് സെക്രട്ടറിയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ ജമാഅത്തിന്റെ തർബിയ്യത്തിന്റെ ഉത്തരവാദിത്വം തന്നിലാണെന്നുള്ള നിലയിൽ തന്റെ മാതൃക സ്ഥാപിക്കേണ്ടതാണ്.

തർബിയ്യത്ത് വകുപ്പ് പ്രവർത്തനനിരതമായിക്കഴിഞ്ഞാൽ മറ്റു വകുപ്പുകളുടെ ധാരാളം ജോലികളും സ്വയമേവ നടന്നുപോകുമെന്ന് ഞാൻ പല അവസരങ്ങളിലും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ജമാഅത്തംഗങ്ങളുടെ തർബിയ്യത്തിന്റെ നിലവാരം എത്രകണ്ട് ഉയരുമോ അത്രകണ്ട് മറ്റു വകുപ്പുകളുടെ ജോലി എളുപ്പമാകുന്നതാണ്. ഉദാഹരണത്തിന് സെക്രട്ടറി മാലിന്റെ ജോലി എളുപ്പമാകും. സെക്രട്ടറി ഉമൂറെആമയുടെ ജോലി എളുപ്പമാകും. സെക്രട്ടറി തബ്‌ലീഗിന്റെ ജോലി എളുപ്പമാകും. ഇപ്രകാരം ഖളായുടെ ജോലി എളുപ്പമാകും.

വിവിധ സ്ഥലങ്ങളിൽ നടക്കുന്ന മിക്ക ആമില മീറ്റിംഗുകളിലും തർബിയ്യത്തിന്റെ ജോലി ആദ്യം നിങ്ങളുടെ വീട്ടിൽനിന്ന് തുടങ്ങാൻ ഞാൻ പറയാറുണ്ട്. ഇത് തർബിയ്യത്ത് സെക്രട്ടറിയുടെ വീട് മാത്രമല്ല. മറിച്ച് ആമിലായിലെ എല്ലാ മെമ്പർമാരുടേയും വീടുകളിൽനിന്നും തുടങ്ങണം. മജ്‌ലിസെ ആമില എല്ലാവരെക്കാളുമുപരി തങ്ങളുടെ തർബിയ്യത്ത്ചെയ്യുക എന്നതാണ് പ്രധാന കാര്യം. പരിപാടികൾ തയ്യാറാക്കുമ്പോൾ ജമാഅത്തിന്റെ അമീർ, ജമാഅത്തിന്റെ പ്രസിഡന്റ്, തർബിയ്യത്ത് സെക്രട്ടറി എന്നിവർ തങ്ങളുടെ മജ്‌ലിസെ ആമില ആ പരിപാടികളനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്നാണ് ഏറ്റവുമാദ്യം നോക്കേണ്ടത്. അല്ലാഹുവിന്റെ അടിസ്ഥാനപരമായ കല്പനകളും മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും ആമില അംഗങ്ങൾ പൂർത്തിയാക്കുന്നുണ്ടോ? പൂർത്തിയാക്കുന്നില്ലെങ്കിൽ തഖ്‌വ ഇല്ല.

അല്ലാഹുവിനോടുള്ള കടമകളിൽ ഏറ്റവും വലിയ കടമ ഇബാദത്തിന്റേതാണ്. അതിന് പുരുഷന്മാരോടുള്ള കല്പന നമസ്കരിക്കുക എന്നതാണ്. നമസ്കരിക്കുക എന്നു പറഞ്ഞാൽ ജമാഅത്തായിട്ട് നമസ്കരിക്കുക എന്നാണ്. അതിനാൽ, അമീർമാരും പ്രസിഡന്റുമാരും മറ്റു ഭാരവാഹികളും തങ്ങളുടെ നമസ്കാരം കാത്തുസൂക്ഷിച്ചുകൊണ്ട് അത് നിലനിറുത്തുന്നതിനും ജമാഅത്തായി നിർവഹിക്കുന്നതിനും പൂർണമായും ശ്രമിക്കുക. അതുമുഖേന നമ്മുടെ മസ്ജിദുകൾ ജനബാഹുല്യമായിത്തീരുന്നതിനോടൊപ്പം നമസ്കാര സെന്ററുകൾ ജനബാഹുല്യമായിത്തീരുന്നതിനോടൊപ്പം അല്ലാഹുവിന്റെ ഫള്‌ലുകളും (കൃപാകടാക്ഷങ്ങൾ)കരസ്ഥമാക്കുന്നവരായിത്തീരുന്നതാണ്. തങ്ങളുടെ കർമപരമായ മാതൃകകൊണ്ട് ജമാഅത്തംഗങ്ങൾക്കും തർബിയ്യത്തു ചെയ്യുന്നവരാകും. അല്ലാഹുവിന്റെ ഫള്‌ലുകൾക്ക് അനന്തരാവകാശികളുമാകും. അവരുടെ ജോലികളിൽ എളുപ്പവുമുണ്ടാകും. വെറും സംസാരിച്ചു നടക്കുന്നവരാകുകയില്ല. അതുകൊണ്ട് ജോലി എടുക്കുന്നവർ തങ്ങളുടെ വാക്കും പ്രവൃത്തിയും ഒന്നാണോ എന്ന് ആദ്യം ആത്മപരിശോധന നടത്തുക. അല്ലാഹു പറയുന്നു: യാ അയ്യുഹല്ലദീന ആമനൂ ലിമ തഖൂലൂന മാലാ തഫ്അലൂൻ(61:3)വിശ്വസിച്ചവരേ! നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിന് നിങ്ങൾ പറയുന്നു? ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"ലോകത്ത് സ്വയം പ്രവർത്തിക്കാതെ, പറഞ്ഞുനടക്കുന്നവർ ഉണ്ടെന്ന് ഈ ആയത്തുതന്നെ വിളിച്ചോതുന്നു. അത്തരക്കാരുണ്ട്. ഉണ്ടാകുകയും ചെയ്യും." പറഞ്ഞു:"നിങ്ങൾ ഞാൻ പറയുന്ന കാര്യം കേൾക്കുക. മനുഷ്യന്റെ സംസാരം സത്യഹൃദയത്തോടെ അല്ലെങ്കിൽ കർമപരമായ ശക്തി അതിലില്ലെങ്കിൽ അതു ഒരു സ്വാധീനവും ഉണ്ടാക്കുകയില്ലെന്ന് നല്ലവണ്ണം ഓർത്തുകൊള്ളുക."(മൽഫൂദാത്ത് വാല്യം1 പേജ് 67 1985 ലണ്ടൻ പതിപ്പ്).

പിന്നീടു പറഞ്ഞു, കർമമില്ലാത്തിടത്തോളം വെറും വാക്കും നാവുംകൊണ്ട് കാര്യം നടക്കുകയില്ലെന്ന കാര്യം ഓർക്കുക."(മൽഫൂദാത്ത് വാല്യം1 പേജ് 77 1985 ലണ്ടൻ പതിപ്പ്).

കർമങ്ങൾക്കു പുറമെ മറ്റെന്തു കാര്യങ്ങളുണ്ടായാലും അല്ലാഹുവിന്റെ പക്കൽ അതിന് ഒരു പ്രാധാന്യവുമില്ല. അതുകൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിന്റെ ഈ കല്പനയനുസരിച്ച് നമ്മുടെ വാക്കിലും പ്രവൃത്തിയിലും വൈരുദ്ധ്യമുണ്ടാകാൻ പാടില്ലെന്ന് തുറന്നു പറഞ്ഞിരിക്കുന്നു. അതിനാൽ ഇക്കാര്യം മുന്നിൽവച്ചുകൊണ്ട് ഏറ്റവുമധികം ആത്മപരിശോധന നടത്തുണ്ടവർ നമ്മുടെ ഭാരവാഹികളായിരിക്കേണ്ടതാണ്.

മസ്ജിദിലേക്കുള്ള ദൂരം അധികമുള്ള സ്ഥലങ്ങളിൽ അല്ലെങ്കിൽ കുറച്ചു വീടുകൾ മാത്രമുള്ള സ്ഥലങ്ങളിൽ അല്ലെങ്കിൽ മസ്ജിദിനും സെന്ററിനും സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ വീടുകളിൽ അതിനുള്ള സൗകര്യമുണ്ടാക്കാവുന്നതാണ്. പ്രാവർത്തികമായി ഇത് പ്രയാസമുള്ള കാര്യമല്ല. ധാരാളം അഹ്മദികൾ ഇത് കൃത്യമായി പാലിച്ചുവരുന്നുണ്ട്. അവർക്കാണെങ്കിൽ എന്തെങ്കിലും ഔദ്യോഗികമായ ചുമതല ഒട്ടു ഇല്ലതാനും. ഏതെങ്കിലും ആമിലായിലെ അംഗവുമല്ല. പക്ഷേ, പരിസരത്തുള്ള അഹ്മദികളെ തങ്ങളുടെ വീടുകളിൽ സംഘടിപ്പിച്ച് ജമാഅത്തായി നമസ്കരിക്കാനുള്ള സംവിധാനമുണ്ടാക്കുന്നു. അതുകൊണ്ട് കാര്യബോധമുണ്ടെങ്കിൽ എല്ലാം നടക്കുന്നതാണ്. നമ്മുടെ എല്ലാ ഭാരവാഹികളിലും നമസ്കാരം ജമാഅത്തായിട്ട് നമസ്കരിക്കാനുള്ള കാര്യബോധമുണ്ടാകേണ്ടതാണ്. ഇല്ലെങ്കിൽ വിശുദ്ധ ഖുർആൻ താക്കീത് ചെയ്ത് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ള അമാനത്തുകൾ നിറവേറ്റുന്നവരാകുകയില്ല.

അതിനാൽ ഇക്കാര്യം എപ്പോഴും ഭാരവാഹികൾ മുമ്പിൽ വെക്കേണ്ടതാണ്. അല്ലാഹു യഥാർഥ മുഅ്മിന്റെ അടയാളമായി പറഞ്ഞിരിക്കുന്നതും അവർ തങ്ങളുടെ അമാനത്തുകൾ നിർവഹിക്കുന്നതിലും പ്രതിജ്ഞകൾ പൂർത്തീകരിക്കുന്നതിലും ശ്രദ്ധിക്കുന്നവരായിരിക്കുമെന്നാണ്. അവയെ കാത്തുസൂക്ഷിക്കുന്നവരായിരിക്കുമെന്നാണ്. തങ്ങളെ ഏല്പിച്ചിരിക്കുന്ന അമാനത്തുകളിലും സേവനം ചെയ്യുമെന്ന് ചെയ്തിട്ടുള്ള പ്രതിജ്ഞകളിലും തങ്ങളിൽനിന്ന് എന്തെങ്കിലും കുറവോ പിഴവോ വന്നിട്ടുണ്ടോ? എന്ന് നോക്കിക്കൊണ്ടിരിക്കുന്നവരായിരിക്കും. കാരണം ഇത് നിസാരകാര്യമല്ല. അല്ലാഹു വിശുദ്ധ ഖുർആനിലും ഇന്നൽ അഹ്ദ കാന മസ്ഊലാ(17:35)കരാറുകളെ സംബന്ധിച്ച് ഒരു നാൾ ചോദിക്കപ്പെടുന്നതാണെന്നും പറഞ്ഞിരിക്കുന്നു. ഈ ഇബാദത്ത് ഒരു അടിസ്ഥാനപരമായ കാര്യമാണ്. ഇതുതന്നെയാണ് മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും. അതിനോടുള്ള കടമ നമ്മൾ നിർവഹിക്കുകതന്നെ വേണം. അതിൽ അലസത, പ്രത്യേകിച്ചും ഭാരവാഹികളിൽനിന്ന് ഒട്ടും ഉണ്ടാകാൻ പാടില്ല. എന്നല്ല ഒരു യഥാർഥ മുഅ്മിനിൽ നിന്നുമുണ്ടാകാൻ പാടില്ല.

ഇതിനുപുറമെയും ചില കാര്യങ്ങളുണ്ട്. അവ ഭാരവാഹികൾ പ്രത്യേകമായും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ജനങ്ങളുടെ അവകാശങ്ങളും ജമാഅത്തംഗങ്ങളുമായിട്ടുള്ള ഭാരവാഹികളുടെ പെരുമാറ്റവുമായി ബന്ധപ്പെട്ടതാണ്. ഇപ്രകാരംതന്നെ ഇക്കാര്യങ്ങൾ ഭരവാഹികളുടെ ഭാരവാഹിത്വവുമായും ബന്ധപ്പെട്ടതാണ്.

ഒരു ഭാരവാഹിയും ഓഫീസർ ആകുമെന്നുള്ള ഭാവനയോടെ അല്ലെങ്കിൽ ആക്കുമെന്നുള്ള ഭാവനയോടെ

## ഇർശാദുന്നബ്‌വി(സ)

"നമസ്കാരത്തിൽ നിങ്ങളുടെ അണികളെ നിങ്ങൾ ശരിപ്പെടുത്തുക. അതല്ലെങ്കിൽ നിങ്ങൾക്കിടയിൽ അല്ലാഹു വിയോജിപ്പുണ്ടാക്കുന്നതാണ്."
(ബുഖാരി)

**ത്വാലിബെ ദുആ:**

**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

"നമ്മുടെ ഈ കാര്യത്തിൽ(ഇസ്‌ലാമിൽ) അതിലില്ലാത്തതു നിർമിച്ചാൽ അതു സ്വീകാര്യമല്ല."
(ബുഖാരി)

**ത്വാലിബെ ദുആ:**

**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

ഒരു സേവനത്തിലും നിയമിക്കപ്പെടുകയില്ല. എന്നല്ല ഇസ്‌ലാമിൽ ഭരവാഹിയെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുതന്നെ വ്യത്യസ്തമാണ്. നബി(സ)തിരുമേനി അതു ഇപ്രകാരം വിവരിച്ചിരിക്കുന്നു:"ജനതയുടെ നേതാവ് അവരുടെ സേവകനാകുന്നു."(കൻസുൽഉമ്മാൽ കിതാബുസ്സഫർ ഹദീഥു നമ്പർ 17513).

അതുകൊണ്ട് ഒരു ഭാരവാഹി ജനങ്ങളുടെ കാര്യത്തിലുള്ള തന്റെ അമാനത്തിന്റെ നിർവഹണം പാലിച്ചും തന്റെ ജനതയുടെ സേവകൻ ആയിക്കൊണ്ടും ഇരിക്കേണ്ടതാണ്. മനുഷ്യനിൽ ത്യാഗമനോഭാവമുണ്ടാകുമ്പോഴാണ് ഈ അവസ്ഥ ഉണ്ടാകുന്നത്; അവനിൽ വിനയവും എളിമയും ഉണ്ടാകുമ്പോഴാണ്. അവന്റെ ക്ഷമയുടെ നിലവാരം മറ്റുള്ളവരെക്കാൾ ഉയർന്നതായിരിക്കുമ്പോഴാണ്. ചില ഘട്ടങ്ങളിൽ ചില കാര്യങ്ങളും ഭാരവാഹികൾക്ക് കേൾക്കേണ്ടതായിവരുന്നു. കേൾക്കേണ്ടിവന്നാൽ കേൾക്കേണ്ടതാണ്. തങ്ങളുടെ സഹനത്തിന്റെ അളവ് എത്രകണ്ട് ഉയർന്നതാണെന്നും ഏതുപരിധിവരെയാണെന്നും വിനയാവസ്ഥ അവരിൽ എത്രത്തോളമുണ്ടെന്നും ഭാരവാഹികൾക്ക് സ്വയം പരിശോധന നടത്താവുന്നതാണ്. സഹനമൊട്ടുമില്ലാത്ത ഭാരവാഹികളുടെ കാര്യങ്ങളും ചിലപ്പോൾ മുന്നിൽ വരാറുണ്ട്. ആരെങ്കിലും മര്യാദകേടു കാണിച്ചാൽ ഇവരും അതുപോലെ പ്രതികരിക്കാൻ തുടങ്ങുന്നു. ഒരു സാധാരണക്കാരൻ ദുഃസ്വഭാവിയാണെങ്കിൽ അതുകൊണ്ട് അവന് ഒരു വ്യത്യാസവും ഉണ്ടാകാൻ പോകുന്നില്ല. അവന്റെ സ്വഭാവം വിളിച്ചോതുന്നത് അവൻ വലിയ ദുഃസ്വഭാവിയായിരിക്കുമെന്നെയുള്ളു. അവന്റെ സ്വഭാവം അധഃപതിച്ചതാണ്. എന്നാൽ, ഭാരവാഹിയിൽനിന്ന് തെറ്റായവാക്കുകൾ ജനങ്ങളുടെ മുമ്പിൽ വന്നാൽ അവന്റെ സ്വന്തം അഭിമാനത്തിനും അന്തസിനും പോറലേൽക്കുന്നു. അതിനോടൊപ്പം ജമാഅത്തിലെ അംഗങ്ങളേയും അത് ബാധിക്കുന്നു. ജമാഅത്തിന്റെ നിലവാരത്തിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ഏതൊരു നിലവാരത്തിലാണോ നമ്മെ കാണാൻ ആഗ്രഹിക്കുന്നത് അതിൽ എവിടെയെങ്കിലും അത്തരം ഒരു ഉദാഹരണമുണ്ടായാൽ അത് ജമാഅത്തിന്റെ ദുഷ്പേരിന് കാരണമായിത്തീരുന്നതാണ്. കാരണമായിത്തീരാൻ സാധ്യതയുണ്ട്. ഈ ഉദാഹരണങ്ങൾ ചില സ്ഥലങ്ങളിൽനിന്ന് ലഭിക്കുന്നുണ്ട്. മസ്ജിദുകളിലും കലഹങ്ങൾ തുടങ്ങുന്നു. ഇക്കാര്യങ്ങൾ കുട്ടികളിലും യുവാക്കളിലും വളരെ മോശമായ പ്രതികരണമുണ്ടാക്കുന്നു.

അല്ലാഹു നമ്മളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നത്. ത്യാഗങ്ങളുടെ ഉന്നതനിലവാരം സ്ഥാപിക്കുന്നവരെ കുറിച്ച് അല്ലാഹു എങ്ങനെയാണ് പറഞ്ഞിട്ടുള്ളത്. ഒരിടത്ത് പറയുന്നു: വ യുഅ്ഥിറൂന അലാ അൻഫുസിഹിം(59:10)മുഅ്മിനീംകൾ തങ്ങളുടെ ദീനി സഹോദരങ്ങൾക്ക് തങ്ങളെക്കാൾ മുൻഗണന നല്കുന്നു. ഈ ഉദാഹരണമാണ് അൻസ്വാറുകൾ, മുഹാജിരീംകൾക്കുവേണ്ടി സ്ഥാപിച്ചത്. ഈ ഒരു ഉദാഹരണമാണ് നമുക്കുമുള്ളത്. സ്വയം തങ്ങൾക്ക് മുൻഗണന നല്കുന്നത് അവിടെ നിലക്കട്ടെ! ആർക്കെങ്കിലും കിട്ടേണ്ട അവകാശവും പൂർണമായും നല്കപ്പെടുന്നില്ല എന്നതാണ് പരിതാപകരം.

ജനങ്ങളുടെ ചില കാര്യങ്ങൾ ഭാരവാഹികളുടെ അടുത്ത് അല്ലെങ്കിൽ കേന്ദ്രത്തിൽ റിപ്പോർട്ട് അയക്കുന്നതിനുവേണ്ടി വരുന്നു. അല്ലെങ്കിൽ റിപ്പോർട്ട് അയക്കുന്നതിനുവേണ്ടി ചില കാര്യങ്ങൾ അയക്കുമ്പോൾ ശരിയായ നിലയിൽ അന്വേഷണം നടത്താതെ അങ്ങേയറ്റം അശ്രദ്ധയോടെയാണ് അതിന് മറുപടി നല്കുന്നത്. അല്ലെങ്കിൽ കാര്യങ്ങൾ എത്രകണ്ട് താമസിപ്പിക്കുമെന്നാൽ, ഏതെങ്കിലും ആവശ്യക്കാരന്റെ ആവശ്യം പൂർത്തീകരിക്കുന്നതിനുള്ള അപേക്ഷയാണെങ്കിൽ കൃത്യസമയത്ത് നടപടി നടത്താത്തതിനാൽ ആ ആവശ്യക്കാരന് നഷ്ടമുണ്ടാകുന്നു. അല്ലെങ്കിൽ ബുദ്ധിമുട്ടു സഹിക്കേണ്ടിവരുന്നു. ചില ഭാരവാഹികൾ തങ്ങളുടെ തിരക്കുകൾ ഒഴികഴിവായി പറയാറുണ്ട്. ചിലരുടെ പക്കൽ വെറും ശ്രദ്ധയില്ലായ്മ അല്ലാതെ ഒരു ഒഴികഴിവും ഉണ്ടാകുകയില്ല. തങ്ങളുടെ സ്വന്തം കാര്യമാണെങ്കിൽ, അല്ലെങ്കിൽ ഏതെങ്കിലും ബന്ധുവിന്റെ കാര്യമാണെങ്കിൽ പരിഗണനകൾ വേറെയായിരിക്കും.

അതിനാൽ യഥാർഥ സേവനത്തിന്റെ വികാരം, ത്യാഗത്തിന്റെ വികാരം തങ്ങളുടെ അമാനത്തിനോടുള്ള ശരിയായ കടമ നിർവഹണം തുടങ്ങിയവ ഒരു ചിന്തയോടുകൂടി മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്നതായിരിക്കണം. ത്യാഗത്തിന്റെ ഈ മൂലതത്വത്തോടും മറ്റുള്ളവരുടെ ബുദ്ധിമുട്ടിനെ സ്വന്തം ബുദ്ധിമുട്ടായി മനസ്സിലാക്കിയും പ്രവർത്തിക്കുകയാണെങ്കിൽ ജമാഅത്തംഗങ്ങളുടേയും ത്യാഗത്തിന്റെ നിലവാരം ഉയരുന്നതാണ്. പരസ്പരം അവകാശങ്ങൾ തട്ടി എടുക്കുന്നതിനുപകരം, അവകാശങ്ങൾ കൊടുക്കാനുള്ള ശ്രദ്ധയുണ്ടാകുന്നതാണ്. അവകാശം പിടിച്ചെടുക്കുന്നതിനും അവകാശം തട്ടിയെടുക്കുന്നതിനും പകരം എല്ലാ തലത്തിലും അവകാശം കൊടുക്കുമ്പോഴും ത്യാഗത്തിന്റെ വികാരം ഉണ്ടാകുമ്പോഴുമാണ് ലോകത്ത് സമാധാനം സ്ഥാപിതമാകുന്നതെന്നാണ് നമ്മൾ മറ്റുള്ളവരോടു പറയുന്നത്. എന്നാൽ, നമ്മുടെ ഉള്ളിൽ ഈ നിലവാരമില്ലെങ്കിൽ അല്ലാഹു ഇഷ്ടപ്പെടാത്ത ജോലിയായിരിക്കും നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്.

പ്രത്യേകമായ നിലയിൽ ഭാരവാഹികളിലുണ്ടായിരിക്കേണ്ട ഒരു ഗുണം വിനയമാണ്. ഇബാദുർറഹ്മാന്റെ(അല്ലാഹുവിന്റെ ദാസന്മാരുടെ) വിശേഷഗുണമായി അല്ലാഹു പറഞ്ഞതാണിത്. യംശൂന അലൽ അർളി ഹൗനാ അവർ ഭൂമിയിൽ ശാന്തരായി നടക്കുന്നവരാണ്.(25:64)ഇതിന്റേയും ഉന്നതമായ ഉദാഹരണം നമ്മുടെ ഭാരവാഹികളിൽ ഉണ്ടായിരിക്കേണ്ടതാണ്. എത്രവലിയ ഭാരവാഹിത്വമാണോ ഒരാളുടെ പക്കലുള്ളത് അത്രയധികം അയാൾ സേവനത്തിന്റെ വികാരത്തോടെ ജനങ്ങളെ കാണുന്നതിന്റെ അടിസ്ഥാനത്തിൽ വിനയം കാണിക്കേണ്ടതാണ്. ഇതാണ് പ്രതാപത്വം. ഭാരവാഹികളുടെ പെരുമാറ്റം എങ്ങനെയുള്ളതാണെന്ന് ജനങ്ങൾ കാണുന്നുമുണ്ട്. അനുഭവിച്ചറിയുന്നുമുണ്ട്. ഇന്ന ഭാരവാഹിയുടെ പെരുമാറ്റം ഇങ്ങനെയാണെന്ന് പറഞ്ഞ് ചിലപ്പോൾ ആളുകൾ എനിക്കെഴുതാറുമുണ്ട്. പക്ഷേ, ഇന്ന് തനിക്ക് വളരെ സന്തോഷമുണ്ടായെന്നും ആ ഭാരവാഹി തന്നോടു സലാം പറഞ്ഞുവെന്ന് മാത്രമല്ല തന്റെ സുഖവിവരങ്ങൾ ചോദിക്കുകയും സന്തോഷത്തോടെ പെരുമാറുകയും ചെയ്തുവെന്നും അദ്ദേഹത്തിന്റെ പെരുമാറ്റംകണ്ട് സന്തോഷമുണ്ടായെന്നും എഴുതാറുണ്ട്. അതുമുഖേന ആ ഭാരവാഹിയുടെ പ്രതാപത്വമാണ് പ്രകടമായത്.

ഭാരവാഹികളുടെ ശാന്തതയോടും വാത്സല്യത്തോടുമുള്ള പെരുമാറ്റത്തിൽ സന്തോഷവാന്മാരായി എല്ലാ ത്യാഗത്തിനും തയ്യാറാകുന്നവരാണ് ജമാഅത്തംഗങ്ങളിൽ ഭൂരിഭാഗവും. ഏതെങ്കിലും ഭാരവാഹിയുടെ മനസ്സിൽ തന്റെ ഔദ്യോഗികസ്ഥാനം കാരണത്താൽ ഏതെങ്കിലും തരത്തിലുള്ള വലുപ്പത്തരം ഉണ്ടാകുകയാണെങ്കിൽ അഹങ്കാരമുണ്ടാകുകയാണെങ്കിൽ അക്കാര്യം അല്ലാഹുവിൽനിന്ന് അവനെ അകറ്റുമെന്ന് ഓർത്തുകൊള്ളേണ്ടതാണ്. മനുഷ്യൻ അല്ലാഹുവിൽനിന്ന് അകലുമ്പോൾ പിന്നീട് പ്രവർത്തനത്തിൽ അനുഗ്രഹമുണ്ടാകുകയില്ല. ദീനീ പ്രവർത്തനം എന്നു പറയുന്നതുതന്നെ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമുള്ളതാണ്. അല്ലാഹവിന്റെ തൃപ്തി ഇല്ലങ്കിൽ അത്തരം വ്യക്തി പിന്നീട് ജമാഅത്തിന് ഗുണം ചെയ്യുന്നതിനുപകരം നഷ്ടത്തിന് കാരണക്കാരനായിത്തീരുന്നു.

അതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ ഭാരവാഹികൾ പ്രത്യേകിച്ചും തങ്ങളിൽ വിനയമുണ്ടോ എന്ന് എപ്പോഴും ആത്മപരിശോധന നടത്തേണ്ടതാണ്. ഉണ്ടെങ്കിൽ എത്രത്തോളമാണുള്ളത്? നബി(സ)തിരുമേനി പറയുകയുണ്ടായി, 'ഒരാൾ എത്രയധികം വിനയവും എളിമയും കൈക്കൊള്ളുന്നുവോ അല്ലാഹു അത്രയധികം അയാൾക്ക് ഉന്നത പദവി പ്രദാനം ചെയ്യുന്നതാണ്.'(സ്വഹീഹ് മുസ്‌ലിം കിതാബുൽ ബിർറി വ സ്സില ഹദീഥു നമ്പർ 6487)

അതിനാൽ എല്ലാ ഭാരവാഹിയും ഓർമവെക്കേണ്ടതാണ്, അയാൾക്ക് അല്ലാഹു സേവനത്തിന് അവസരം നല്കിയിട്ടുണ്ടെങ്കിൽ അത് അല്ലാഹുവിന്റെ ഔദാര്യമാണ്. ആ ഔദാര്യത്തിനുള്ള നന്ദി കൂടുതൽ വിനയവും എളിമയും അതിലുണ്ടാക്കുക എന്നതാണ്. ഈ വിനയവും എളിമയും കൂടുതൽ ഉണ്ടാകുന്നില്ലെങ്കിൽ അല്ലാഹുവിന്റെ ഔദാര്യത്തിന് നന്ദിയാവുകയില്ല.

മിക്കപ്പോഴും കാണാറുള്ളത് ചിലയാളുകൾ പൊതുവെ കാണുമ്പോൾ വളരെ വലിയ വിനയം പ്രകടിപ്പിക്കുന്നതായിട്ടാണ്. പക്ഷേ, തന്റെ കീഴിലുള്ളവനുമായോ സാധാരണക്കാരനുമായോ അഭിപ്രായവ്യത്യാസമുണ്ടായാൽ പൊടുന്നനെ അവരുടെ ഭൗതികസ്ഥാനത്തിന്റെ ഞരമ്പ് ഉണരുന്നു. വലിയ ഭാരവാഹി എന്നതിന്റെ നടിപ്പ് തന്റെ കീഴിലുള്ളവരോട് അഹങ്കാരപരമായ രീതിയുടെ പ്രകടനം ചെയ്യിക്കുന്നു. ആരും അഭിപ്രായഭിന്നത പ്രകടിപ്പിക്കാത്തപ്പോൾ വിനയം പ്രകടിപ്പിച്ചുകൊണ്ടിരിക്കുക എന്നത് വിനയമല്ല. ഇത് കൃത്രിമപരമായ വിനയമാണ്. അഭിപ്രായ ഭിന്നത ഉണ്ടാകുമ്പോഴോ കീഴിലുള്ളവർ ഇഷ്ടത്തിനു വിരുദ്ധമായി സംസാരിക്കുമ്പോഴോ ആണ് യഥാർഥമായ അവസ്ഥ തുറന്നു പുറത്തുവരുന്നത്. അപ്പോൾ നീതിയിൽനിന്നുകൊണ്ട് ആ അഭിപ്രായം നല്ലവണ്ണം പരിശോധിച്ച് തീരുമാനം എടുക്കേണ്ടതാണ്. ഈ വിനയത്തോടൊപ്പം ഉത്തമമായ സഹിഷ്ണുതയുടേയും പ്രകടനമുണ്ടാകും. ഇങ്ങനെ വരുമ്പോൾ ആ വിനയം യഥാർഥ വിനയമെന്ന് പറയപ്പെടും. അല്ലാഹുവിന്റെ വലാ തുസ്വഇർ ഖദ്ദക ലിന്നാസി വലാ തംശീ ഫിൽഅർളി മർഹാ ജനങ്ങളുടെ മുമ്പാകെ നിന്റെ കവിൾ നീ വീർപിക്കരുത്. ഭൂമിയിൽ പൊങ്ങച്ചം കാണിച്ചുകൊണ്ട് നടക്കുകയുമരുത് എന്ന കല്പന എപ്പോഴും ഭാരവാഹികൾ മുമ്പിൽ വെക്കേണ്ടതാണ്.(31:19)

അഭിപ്രായഭിന്നതകളെക്കുറിച്ച് ഞാൻ പറയുകയുണ്ടായി. ഇതുസംബന്ധമായി ഇതുംകൂടി പറയട്ടെ. ജമാഅത്തിന്റെ അമീറിന് ചിലഘട്ടങ്ങളിൽ മജ്‌ലിസെ ആമിലായുടെ അഭിപ്രായത്തെ തടഞ്ഞുകൊണ്ട് തന്റെ അഭിപ്രായമനുസരിച്ച് തീരുമാനമെടുക്കാൻ നിയമം അനുവാദം നല്കുന്നുണ്ടെന്നതിൽ സംശയമില്ല. പക്ഷേ, എപ്പോഴും എല്ലാവരേയും ഒന്നിച്ചുകൂടെകൊണ്ടുപോകാൻ ശ്രമിക്കേണ്ടതാണ്. കൂടിയാലോചിച്ച്, ഭൂരിപക്ഷ അഭിപ്രായമനുസരിച്ചുതന്നെ തീരുമാനമെടുക്കേണ്ടതും പ്രവർത്തിക്കേണ്ടതുമാണ്. ചിലയിടങ്ങളിൽ അമീറുമാർ ഈ അവകാശത്തെ ആവശ്യത്തിലേറെ ഉപയോഗിക്കാൻ തുടങ്ങുന്നു. ജമാഅത്തിന്റെ നേട്ടം ഇതാണെന്ന് ബോധം ഉണ്ടാകുന്ന അവസാനഘട്ടത്തിലായിരിക്കണം ഈ അവകാശം ഉപയോഗിക്കേണ്ടത്; പിന്നീട് അത് മജ്‌ലിസെ ആമിലായിൽ വ്യക്തമാക്കുകയുവേണം. ജമാഅത്തിന്റെ വിശാലമായ നേട്ടങ്ങളെ മുന്നിൽവച്ചുകൊണ്ട് ഇതുണ്ടാകേണ്ടതാണ്. അതിനുവേണ്ടി ദുആയിലൂടെ അല്ലാഹുവിനോടു സഹായവും തേടണം. വെറും തങ്ങളുടെ ബുദ്ധിയിൽ വിശ്വസിക്കരുത്. ഈ അവകാശം ജമാഅത്തിന്റെ പ്രസിഡന്റുമാർക്കില്ലെന്നത് മനസ്സിലാക്കുക. നാഷണൽ പ്രസിഡന്റ് ഉൾപ്പെടെ അവർക്കും ആമിലായുടെ തീരുമാനങ്ങളെ റദ്ദ് ചെയ്ത് തങ്ങളുടെ അഭിപ്രായമനുസരിച്ച് തീരുമാനമെടുക്കാൻ അനുവാദമില്ല. അവരവരുടെ പ്രവർത്തന വൃത്തം

## ഇർശാദുന്നബ്‌വി(സ)

"നല്ലൊരു കാര്യം കാണിച്ചുകൊടുക്കുന്നവന് അതിനോടനുസരിച്ച് പ്രവർത്തിച്ചവന്റെ പ്രതിഫലം ലഭിക്കുന്നതാണ്." (മുസ്‌ലിം)

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്‌വി(സ)

"അല്ലാഹുവിന്റെ മാർഗത്തിൽ ഒരു യോദ്ധാവിനെ ഒരുക്കിപ്പറഞ്ഞയച്ചവൻ (ഫലത്തിൽ) യുദ്ധം ചെയ്തവന് തുല്യമാണ്." (ബുഖാരി)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്‌വി(സ)

"നിർദേശാനുസരണം ധനം ചെലവഴിക്കുന്ന വിശ്വസ്തനും മുസ്‌ലിമുമായ ഒരു ഖജാഞ്ചി ധർമിഷ്ഠരിൽ ഒരാളത്രെ."(മുസ്‌ലിം)

**ത്വാലിബെ ദുആ:**
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

മനസ്സിലാക്കുന്നതിന് ഭാരവാഹികൾ നിർബന്ധമായും ജമാഅത്തിന്റെ നിയമങ്ങളും വ്യവസ്ഥകളും വായിക്കുകയും മനസ്സിലാക്കുകയും ചെയ്യുക. നിയമങ്ങളും വ്യവസ്ഥകളുമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ മജ്‌ലിസെ ആമിലായിലുണ്ടാകുന്ന ചില ചെറിയ ചെറിയ പ്രശ്നങ്ങൾ അല്ലെങ്കിൽ ജമാഅത്തിന് അസ്വസ്ഥതയ്ക്കുകാരണമാകുന്ന കാര്യങ്ങൾ ഉണ്ടാകുകയില്ല.

പിന്നീട് ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട ഒരു പ്രത്യേകത കീഴുദ്യോഗസ്ഥരോട് നല്ല രീതിയിൽ പെരുമാറുക എന്നതാണ്. ജമാഅത്തിന്റെ മിക്ക കാര്യങ്ങളും നടക്കുന്നത് സന്നദ്ധ സേവനത്തിലൂടെയാണ്. ജമാഅത്തംഗങ്ങൾ ജമാഅത്തിന്റെ ജോലിക്ക് സമയം നല്കുന്നു. അല്ലാഹുവിന്റെ ഇഷ്ടം ആഗ്രഹിക്കുന്നതുകൊണ്ടാണ് അവർ സമയം നല്കുന്നതത്. അവർക്ക് ജമാഅത്തിനോടു ബന്ധവും സ്നേഹവും ഉള്ളതുകൊണ്ടാണ് അവർ സമയം നല്കുന്നത്. അതുകൊണ്ട് ഭാരവാഹികളും തങ്ങളുടെ പ്രവർത്തകരുടെ വികാരങ്ങൾ മാനിക്കേണ്ടതാണ്. അവരോടു നല്ല രീതിയിൽ പെരുമാറേണ്ടതാണ്. ഇതുതന്നെയാണ് അല്ലാഹുവിന്റെ കല്പനയും.

ആ സൽപെരുമാറ്റത്തോടൊപ്പം ജമാഅത്തിന്റെ പ്രവർത്തനം നല്ലനിലയിൽ കൊണ്ടുപോകുന്നതിനും എപ്പോഴും പ്രവർത്തകരെ ലഭിച്ചുകൊണ്ടിരിക്കുന്നതിനും തങ്ങളുടെ നാഇബുമാരേയും കീഴിലുള്ളവരേയും ജോലി പഠിപ്പിക്കാനും ശ്രമിക്കേണ്ടതാണ്. ജമാഅത്തിന്റെ ജോലികൾ അല്ലാഹുവാണ് നടത്തുന്നതെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, ഭാരവാഹികളുടെ ഓഫീസർമാർ ജോലിയുടെ പരിചയം വച്ചുകൊണ്ട് ജോലിചെയ്യുന്നവരുടെ മറ്റൊരു ലൈൻ തയ്യാറാക്കുകയാണെങ്കിൽ അവർക്ക് ആ ജോലിക്കും പ്രതിഫലം കിട്ടുന്നതായിരിക്കും. അല്ലാഹവിന്റെ കൃപാകടാക്ഷത്താൽ എനിക്കോ എനിക്കു മുമ്പേയുള്ള ഏതെങ്കിലും ഖലീഫമാർക്കോ ഒരിക്കലും ജമാഅത്തിന്റെ പ്രവർത്തനം എങ്ങനെ നടക്കുമെന്ന ചിന്ത ഉണ്ടായിട്ടില്ല. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ്. അവൻ ഇൻശാ അല്ലാഹ് ആത്മാർഥരായ പ്രവർത്തകരെ സംഘടിപ്പിച്ചു തന്നുകൊണ്ടിരിക്കും.'(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസായിൻ വാല്യം 1 പേജ് 267, അടിക്കുറിപ്പ്)

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥിന്റെ കാലഘട്ടത്തിൽ തന്റെ യുക്തിപരമായ പ്രവർത്തനവും തന്റെ അധ്വാനവും കാരണത്താലാണ് സാമ്പത്തിക വ്യവസ്ഥിതി നല്ല നിലയിൽ പോകുന്നതെന്ന് ഒരു ഭാരവാഹി വിചാരിച്ചിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്)ഇതറിഞ്ഞപ്പോൾ അയാളെ മാറ്റി സാമ്പത്തിക ശാസ്ത്രത്തിന്റെ അലിഫ് ബ പോലും അറിയാത്ത ഒരാളെ നിയമിച്ചു. ഇത് അല്ലാഹുവിന്റെ ജോലിയാണല്ലോ. കാലത്തിന്റെ ഖലീഫയോടു അല്ലാഹുവിന്റെ പെരുമാറ്റം കാരണത്താൽ ഒന്നും അറിയാതെ പുതിയതായി വന്ന ആ ഓഫീസറുടെ ജോലിയിൽ അതിനെ മുമ്പേ ഒരിക്കലും സങ്കല്പിക്കാൻപോലും കഴിയാത്തത്ര ബർക്കത്താണുണ്ടായത്.

അതിനാൽ അല്ലാഹു ഭാരവാഹികൾക്ക് അവസരം നല്കുന്നു. ജമാഅത്തിന്റെ ഉദ്യോഗസ്ഥന്മാർക്ക് അല്ലാഹു അവസരം നല്കുന്നു. ജീവിതം മതത്തിനു വേണ്ടി അർപണം ചെയ്ത വാഖ്ഫീനെ സിന്ദഗിക്ക് അല്ലാഹു അവസരം നല്കുന്നു; അവർ ജമാഅത്തിനും ദീനിനും സേവനം ചെയ്ത് അല്ലാഹുവിന്റെ ഫള്ലിന് അവകാശികളാകാൻ. എന്തായാലും ജോലി അല്ലാഹു താൻതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് അവന്റെ വാഗ്ദാനമാണ്. അതുകൊണ്ട് തന്റെ അനുഭവസമ്പത്തും തന്റെ അറിവുംകൊണ്ടാണ് ജമാഅത്തിന്റെ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന ചിന്താഗതി ആരുടെ മനസ്സിലും ഉണ്ടാകാൻ പാടില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ കൃപാകടാക്ഷമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ ധാരാളം ബലഹീനതകളും കുറവുകളും എങ്ങനെയുള്ളതാണെന്നാൽ അത് ഭൗതിക ജോലിയാണെങ്കിൽ അനുഗ്രഹം പതിയുകയേയില്ല. അവയുടെ ആ നല്ലഫലം പുറത്തുവരികയുമില്ല. പക്ഷേ, അല്ലാഹു ദോഷങ്ങൾ മറച്ചുവെക്കുന്നു. സ്വയം മലക്കുകൾ മുഖേന സഹായിക്കുകയും ചെയ്യുന്നു.

ഉദാഹരണത്തിന് തബ്‌ലീഗ് പ്രവർത്തനം. അതിൽ ഈ പാശ്ചാത്യരാജ്യങ്ങളിലും ഇവിടെ പഠിച്ച് വളർന്ന ചെറുപ്പക്കാരായ പ്രവർത്തകരെ അല്ലാഹു നല്കിയിരിക്കുന്നു. അവർ സ്വന്തമായ നിലയിൽ ദീനീപരമായ അറിവുകൾ കരസ്ഥമാക്കി. പിന്നീട് അഹ്മദിയ്യത്തിന്റെ എതിരാളികളുടെ വായടപ്പിക്കുന്നു. മനുഷ്യനെ അത്ഭുതപ്പെടുത്തുംവിധമുള്ള മറുപടികളാണ് നല്കുന്നത്. ഒരുപാട് യുവാക്കളുണ്ട്, അവരുടെ ഇത്തരത്തിലുള്ള മറുപടിക്കുമുമ്പിൽ എതിരാളികൾക്ക് ഓടിക്കളയുകയല്ലാതെ മറ്റു വഴിയൊന്നും കാണുകയില്ല. അതിനാൽ ഭാരവാഹികൾ ദീനിനു സേവനം ചെയ്യാൻ കിട്ടുന്ന അവസരത്തെ ദൈവിക കടാക്ഷമായി മനസ്സിലാക്കുക. തങ്ങളുടെ എന്തെങ്കിലും പരിചയസമ്പത്തുകൊണ്ടാണെന്നോ യോഗ്യതകൊണ്ടാണെന്നോ കഴിവുകൊണ്ടാണെന്നോ മനസ്സിലാക്കാതിരിക്കുക.

ഇനി ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട ഒരു ഗുണം പ്രസന്നതയാണ്. സൽസ്വഭാവത്തോടുകൂടി പെരുമാറുക. അല്ലാഹു പറയുന്നു:"ഖൂലൂ ലിന്നാസ് ഹുസ്നാ ജനങ്ങളോടു സൗമ്യമായും സൽസ്വഭാവത്തോടു കൂടിയും പെരുമാറുക.(2:84) ഇതും ഒരു അടിസ്ഥാനപരമായ സ്വഭാവമാണ്. ഇത് ഭാരവാഹികളിൽ ഒരുപാട് ഉണ്ടായിരിക്കേണ്ടതാണ്. തങ്ങളുടെ കീഴിലുള്ളവരോടും തങ്ങളോടൊപ്പം പ്രവർത്തിക്കുന്നവരോടും സംസാരിക്കുമ്പോഴും ഇപ്രകാരംതന്നെ മറ്റുള്ളവരോടു സംസാരിക്കുമ്പോഴും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഉന്നതമായ ധാർമികഗുണത്തിന്റെ പ്രകടനം ഉണ്ടാകേണ്ടതാണ്. ചില ഘട്ടങ്ങളിൽ സംഘടനാപരമായ കാരണത്താൽ കടുപ്പമായി സംസാരിക്കേണ്ട ആവശ്യം വരുന്നു. പക്ഷേ, ഈ ആവശ്യം അതിന്റെ അവസാന ചുവടാണ്. സ്നേഹത്തോടെ ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുകയും ഭരവാഹികൾ ജനങ്ങൾക്ക് തങ്ങൾ അവരുടെ സഹതാപിയാണെന്ന ബോധമുണ്ടാക്കുകയുമാണെങ്കിൽ 99% ആളുകളും കാര്യം മനസ്സിലാക്കുന്നവരായിരിക്കും. ജമാഅത്തിനോടു അവർക്ക് ഒരു ബന്ധമുള്ള കാരണത്താൽ സഹകരിക്കാനും തയ്യാറാകുന്നു. പക്ഷേ, വലുതും പ്രധാനപ്പെട്ടതുമായ നിബന്ധന ഭാരവാഹികൾ തങ്ങളോടു സഹതാപമുള്ളവരാണെന്ന ബോധം ജനങ്ങളിൽ ഉണ്ടാക്കുക എന്നതാണ്. ശാന്തമായി ജനങ്ങളോടു സംസാരിക്കുക. തെറ്റു ചെയ്തുടനെ തങ്ങളുടെ തെറ്റുതിരുത്താൻ അവസരം കിട്ടാത്തവിധം തുടക്കത്തിൽതന്നെ അവരെ പിടിച്ചു ശിക്ഷിക്കരുത്. എന്നാൽ, ശീലക്കാരായിട്ടുള്ളവർ, ആവർത്തിച്ചു പറഞ്ഞിട്ടും ഓരോ കാര്യത്തിലും കലഹവും കുഴപ്പവും ഉണ്ടാക്കാൻ ശ്രമിക്കുന്നവരോടു കാർക്കശ്യത്തോടെ പെരുമാറേണ്ടതായും വരും. പക്ഷേ, അതിന് പൂർണമായ അന്വേഷണം നടത്തേണ്ടതാണ്. പിന്നീട് ഈ ശക്തമായ നടപടിയും ഏതെങ്കിലും വിധത്തിൽ വ്യക്തിപരമായ ശാത്രുതയുടെ രൂപം പ്രാപിക്കാനും പാടില്ല. മറിച്ച് നന്നാക്കാനുള്ളതായിരിക്കേണ്ടതാണ്. നബി(സ)തിരുമേനി ഒരു അവസരത്തിൽ താൻ നിശ്ചയിച്ച യമനിലെ ഭരണാധികാരികളെ ഇങ്ങനെ ഉപദേശിച്ചിരുന്നു:"ജനങ്ങൾക്ക് എളുപ്പമാണ് ഉണ്ടാക്കേണ്ടത്. പ്രയാസങ്ങൾ ഉണ്ടാക്കരുത്. സ്നേഹവും സന്തോഷവും പരത്തുക. വെറുപ്പിനെ തഴച്ചുവളരാൻ വിടരുത്."(മുസനദ് അഹ്മദ് ബിൻ ഹമ്പൽ ഹദീഥ നമ്പർ 19935)

ഈ ഉപദേശം ഭാരവാഹികളുടേയും ജമാഅത്തംഗങ്ങളുടേയും ഇടയിലുള്ള ബന്ധങ്ങളിലും മനോഹാരിത ഉണ്ടാക്കുന്ന തരത്തിലുള്ളതാണ്. ഇതിന്റെ ഫലമായി പരസ്പരം ജമാഅത്തംഗങ്ങളിലും അങ്ങോട്ടും ഇങ്ങോട്ടും വികാരങ്ങൾ മാനിക്കുന്നതിനുള്ള ആത്മാവും ഉണ്ടാകുന്നതാണ്. അതിനാൽ ഭാരവാഹികൾക്ക്-പ്രത്യേകിച്ചും അമീർമാർ, പ്രസിഡന്റുമാർ തർബിയ്യത്ത് വകുപ്പുകൾ, വിധി തീർപ്പാക്കുന്ന സ്ഥാപനങ്ങൾ- ജനങ്ങൾക്ക് സുഗമമായ വഴികളെ കുറിച്ച് ചിന്തിക്കുക എന്ന വലിയ ഉത്തരവാദിത്വമാണുള്ളത്. അല്ലാഹുവിന്റെ കല്പനകൾക്ക് ഉള്ളിൽനിന്നുകൊണ്ട് ഈ മാർഗം സ്വീകരിക്കണമെന്ന കാര്യവും ശ്രദ്ധയിൽ വേണ്ടതാണ്. സുഗമമായ വഴി ഉണ്ടാക്കുന്നതിന് ദൈവകല്പനകളെ മറന്നുപോകുന്ന ലൗകികരെപ്പോലെയാകരുത്. നമ്മൾ ശരീഅത്തിന്റെ വൃത്തത്തിനുള്ളിൽ നിന്നുകൊണ്ട് അല്ലാഹുവിന്റെ തൃപ്തിക്കു മുൻഗണന നല്കിക്കൊണ്ട് മനുഷ്യരോടുള്ള കടമകളും നിറവേറ്റേണ്ടതാണ്, നമ്മുടെ പ്രതിജ്ഞകളേയും അമാനത്തുകളേയും കാത്തുസൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

പിന്നീട് ഞാൻ പറഞ്ഞതുപോലെ നിയമങ്ങളും വ്യവസ്ഥകളുമടങ്ങിയ ഗ്രന്ഥവും എല്ലാ ഭാരവാഹികളും നോക്കേണ്ടതാണ്. തന്റെ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ അറിവും കരസ്ഥമാക്കേണ്ടതാണ്. ഓരോരുത്തർക്കും തങ്ങളുടെ പ്രവർത്തനപരിധിയുടെ അറിവും ഉണ്ടായിരിക്കേണ്ടതാണ്. ചിലപ്പോൾ ഭാരവാഹികൾക്ക് തങ്ങളുടെ പരിധികളെ കുറിച്ചും അറിവുണ്ടാകുകയില്ല. ഒരു വകുപ്പ് ഒരു ജോലി ചെയ്യുന്നുണ്ടാകും. എന്നാൽ, നിയമങ്ങളിലും ചട്ടങ്ങളിലും മറ്റു വകുപ്പിലായിരിക്കും ആ ജോലി എഴുതിയിട്ടുണ്ടാകുക. ചിലപ്പോൾ വളരെ നേരിയ വ്യത്യാസമേ ജോലികളെക്കുറിച്ചുണ്ടാകുകയുള്ളു. അതിൽ ചിന്തിക്കാതെ രണ്ടു വകുപ്പുകൾ ഒന്ന് മറ്റെന്നിന്റെ പരിധിയിൽ കൈകടത്തുന്നുണ്ടാകും.

കഴിഞ്ഞ ദിവസം എനിക്ക് ഇവിടെ യു.കെ.യിലെ മജ്‌ലിസെ ആമിലായിൽ മീറ്റിംഗുണ്ടായിരുന്നു. ഈ നേരിയ വ്യത്യാസം മനസ്സിലാക്കാത്ത കാരണത്താൽ അനാവശ്യമായി ചർച്ച തുടങ്ങുന്നതായി എനിക്ക് ബോധ്യപ്പെട്ടു. നിയമങ്ങൾ വായിച്ചിട്ടുണ്ടെങ്കിൽ ഇങ്ങനെ സമയം പാഴാകുകയില്ല. ഉദാഹരണത്തിന് തബ്‌ലീഗ് വകുപ്പ് പ്രബോധന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ബന്ധംവെക്കുകയും വേണ്ടതാണ്. ബന്ധത്തിലൂടെ മാത്രമേ തബ്‌ലീഗ് മുന്നോട്ടു പോകുകയുള്ളു. ഇപ്രകാരം തന്നെ ഉമൂറെ ഖാരിജ വകുപ്പുണ്ട്. അവരും ബന്ധം വെക്കേണ്ടതാണ്. ജമാഅത്തിനെ പരിചയപ്പെടുത്തുകയും ചെയ്യേണ്ടതാണ്. രണ്ടു കൂട്ടരുടേയും പ്രവർത്തന വൃത്തം വെവ്വേറെയാണ്. ഒന്ന് തബ്‌ലീഗ് പരമായ ഉദ്ദേശ്യ പൂർത്തീകരണത്തിനായി പ്രവർത്തിക്കേണ്ടതാണ്. രണ്ടാമത്തവർ തങ്ങളുടെ പബ്ലിക് റിലേഷനുവേണ്ടി ഈ പ്രവർത്തനം നടത്തേണ്ടതാണ്. ബന്ധങ്ങൾ വർധിപ്പിക്കുന്നതിനുവേണ്ടി ഈ ജോലി ചെയ്യേണ്ടതാണ്. യഥാർഥ ഉദ്ദേശ്യം ജമാത്തിനെ പരിചയപ്പെടുത്തലും ദീനിലേക്ക് വഴികാട്ടുകയുമാണ്. ജനങ്ങളെ അല്ലാഹുവിലേക്ക് കൊണ്ടുവന്ന് നമ്മൾ അവരുടെ ദുൻയാവും ആഖിറത്തും സുവർണമാക്കിത്തീർക്കാൻ ശ്രമിക്കുകയും ലോകത്തിന്റെ സമാധാനാവസ്ഥയിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കുകയും വേണ്ടതാണ്. ഭൗതികമായ നിലയിൽ എന്തെങ്കിലും ഗ്രേഡ് കരസ്ഥമാക്കുക എന്നതല്ല നമ്മുടെ ലക്ഷ്യം. യഥാർഥ ഉദ്ദേശ്യം അല്ലാഹുവിനെ പ്രീതിപ്പെടുത്തുകയും അവന്റെ തൃപ്തി കരസ്ഥമാക്കുകയും ചെയ്യുക എന്നതാണ്. വകുപ്പുകൾ പരസ്പരം സഹകരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഫലം പലഇരട്ടി പുറത്തുവരുന്നതായിരിക്കും.

വകുപ്പുകളുടെ ബജറ്റ് ശരിയായ നിലയിൽ പ്രത്യേകപ്പെടുത്തപ്പെടുന്നില്ലെന്ന കാര്യവും മിക്ക സ്ഥലങ്ങളിൽനിന്നും പ്രകടിപ്പിക്കുന്നുണ്ട്. ഓരോ വകുപ്പിനും ശൂറായിൽ പാസാക്കപ്പെടുന്ന ബജറ്റാണ് നല്കേണ്ടത്. അതു ചെലവഴിക്കാൻ ബന്ധപ്പെട്ട സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കേണ്ടതാണ്. സെക്രട്ടറി വാർഷികപദ്ധതി തയ്യാറാക്കി ആമിലയിൽ അവതരിപ്പിക്കേണ്ടത് നിർബന്ധമാണ്. ആ അംഗീകൃതപരിപാടിയനുസരിച്ച് ചെലവഴിക്കേണ്ടതാണ്. പിന്നീട് പ്രവർത്തനം ഓരോ ആമില മീറ്റിംഗിലും പരിശോധിക്കേണ്ടതാണ്. അംഗീകൃത പദ്ധതികളിലോ പ്രവർത്തന രീതിയിലോ എന്തെങ്കിലും മാറ്റം വരുത്തേണ്ട ആവശ്യമുണ്ടെങ്കിൽ അല്ലെങ്കിൽ മെച്ചപ്പെട്ടകാര്യത്തിലേക്ക് ആരുടെയെങ്കിലും ശ്രദ്ധ ഉണ്ടെങ്കിൽ അതിനെക്കുറിച്ച് രണ്ടാമത് ആലോചന നടത്തേണ്ടതാണ്.

പിന്നീട് ഭാരവാഹികളുടെ പ്രത്യേകിച്ചും അമീർമാരുടേയും പ്രസിഡന്റുമാരുടേയും ജമാഅത്ത് സെക്രട്ടറിമാരുടേയും വളരെ പ്രധാനപ്പെട്ട ജോലിയാണ് കേന്ദ്രത്തിൽനിന്ന് വരുന്ന നിർദേശങ്ങളും സർക്കുലറുകളും പൂർണശ്രദ്ധയോടെ പെട്ടെന്ന് നടപ്പിൽവരുത്തുകയും തങ്ങളുടെ ജമാഅത്തുകൾ മുഖേന


## ഇർശാദുന്നബ്‌വി(സ)

"നിങ്ങൾക്ക് പ്രിയങ്കരമായതെന്തോ അത് നിങ്ങളുടെ സഹോദരനുവേണ്ടിയും പ്രിയം വെക്കുന്നതുവരെ നിങ്ങളിൽ ഒരാളും സത്യവിശ്വാസിയാകുകയില്ല," (മുത്തഫിഖുൻ അലയ്ഹി)

**ത്വാലിബെ ദുആ:**

**പി.യൂസുഫ് & കുടുംബാംഗങ്ങൾ**

**മാത്തോട്ടം**

നടപ്പിൽ വരുത്തിക്കുകയും ചെയ്യുക എന്നത്. കേന്ദ്ര നിർദേശപ്രകാരം പൂർണമായും പ്രവർത്തിക്കുന്നില്ലെന്ന പരാതികൾ ചില ജമാഅത്തുകളിൽനിന്ന് ലഭിക്കാറുണ്ട്. ഏതെങ്കിലും നിർദേശത്തെ സംബന്ധിച്ച് ഏതെങ്കിലും പ്രത്യേക രാജ്യത്തിന് അല്ലെങ്കിൽ ജമാഅത്തിന് രാജ്യത്തിന്റെ അവസ്ഥകൾ കാരണത്താൽ എന്തെങ്കിലും സംരക്ഷണം ആവശ്യമുണ്ടെങ്കിൽ പെട്ടെന്ന് കേന്ദ്രവുമായി ബന്ധപ്പെട്ട് അവസ്ഥകൾക്കനുസരിച്ച് അതിൽ മാറ്റം വരുത്താൻ അപേക്ഷിക്കേണ്ടതാണ്. ഈ ജോലി അമീർ ജമാഅത്തിന്റെ അല്ലെങ്കിൽ പ്രസിഡന്റിന്റേതാണ്.

പക്ഷേ, തങ്ങളുടെ ബുദ്ധിപ്രയോഗിച്ചുകൊണ്ട് ആ നിർദേശത്തെ ഒരുഭാഗത്ത് പൂഴ്ത്തിവയ്ക്കുകയും നടപ്പിൽ വരുത്താതിരിക്കുകയും കേന്ദ്രത്തെ അറിയിക്കാതിരിക്കുകയും ചെയ്യുക എന്നത് ഒരു തരത്തിലും ചേർന്നതല്ല.

മൂസികളെക്കുറിച്ചും ഞാൻ ഇത് പറയാൻ ആഗ്രഹിക്കുകയാണ്. മൂസികൾ തങ്ങളുടെ ചന്ദകൾ കൃത്യമായി കൊടുക്കുകയും അതിന്റെ കണക്കുകൾ സൂക്ഷിക്കുകയും ചെയ്യേണ്ടത് ഓരോരുത്തരുടേയും സ്വന്തം ചുമതലയാണ്. ഓരോ മൂസിയുടേയും കണക്കുകൾ പൂർത്തിയാക്കി വെക്കുക എന്നത് കേന്ദ്ര ഓഫീസിന്റേയും ബന്ധപ്പെട്ട സെക്രട്ടറിമാരുടേയും ജോലിയുമാണ്. ആവശ്യം വരുമ്പോൾ അവരുടെ ചന്ദയുടെ അവസ്ഥ എന്താണ്? എന്ന് അവരെ ഓർമപ്പെടുത്തുകയും വേണം. തദ്ദേശ ജമാഅത്തിന്റെ സെക്രട്ടറിമാരെ പ്രവർത്തനനിരതരാക്കിവെക്കുക എന്നത് ദേശീയ ജമാഅത്തിന്റെ ജോലിയാണ്. എല്ലാ മൂസിമാരും അവരുടെ ബന്ധത്തിൽ ഉണ്ടായിരിക്കണം. ചിലപ്പോൾ കാണാറുണ്ട്, ചില കാര്യങ്ങളിൽ ആരെയെങ്കിലും കുറിച്ച് റിപ്പോർട്ട് ചോദിക്കും. ആ വ്യക്തി മൂസിയായിരിക്കും. ഇത്രകാലമായി അയാൾ ചന്ദ കൊടുക്കുന്നില്ലെന്ന് റിപ്പോർട്ടായിരിക്കും നല്കുന്നത്. വസിയ്യത്തിന്റെ ചന്ദ കൊടുക്കാതെ എങ്ങനെ വസിയ്യത്ത് നിലനില്ക്കും?എന്ന് അയാളോടു ചോദിക്കും. പിന്നീട് അന്വേഷിക്കുമ്പോഴാണ് അറിയുന്നത് മൂസിയുടെ കുറ്റമല്ലെന്ന്. അയാൾ ചന്ദ കൊടുത്തിട്ടുണ്ടാകും. പക്ഷേ, റെക്കോർഡ് സൂക്ഷിക്കുന്നയാൾ, അല്ലെങ്കിൽ ഓഫീസ് ശരിയായ റെക്കോർഡ് വെക്കാത്തതാണ് അതിന് കാരണം. ഒന്ന് അത്തരം റിപ്പോർട്ട് അനാവശ്യമായി മൂസിയ്ക്കു ബുദ്ധുമുട്ടിനു കാരണമായിത്തീരുന്നു എന്നതാണ്. രണ്ട് ജമാഅത്ത് വ്യവസ്ഥിതിയുടെ ബലഹീനതയുടെ മോശമായ സ്വാധീനവും ഉണ്ടാകുന്നു. ഇപ്പോൾ കൃത്യമായി കണക്കുവെക്കാനുള്ള സംവിധാനം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. വലിയ systematic ആയ മാർഗമായിരിക്കുന്നു. കമ്പ്യൂട്ടറുണ്ട്. എല്ലാമുണ്ട്. അത്തരം തെറ്റുകൾ ഉണ്ടാകാനെ പാടില്ല. എല്ലാ രാജ്യത്തിലേയും വസിയ്യത്ത് സെക്രട്ടറിമാരും മാൽസെക്രട്ടറിമാരും തങ്ങളുടെ രാജ്യത്തെ എല്ലാ ജമാഅത്തിലേയും ബന്ധപ്പെട്ട സെക്രട്ടറിമാരെ പ്രവർത്തനനിരതരാക്കേണ്ടതാണ്. ഇടയ്ക്കിടെ പരിശോധിച്ചുകൊണ്ടിരിക്കുക എന്നത് ജമാഅത്ത് അമീറുമാരുടേയും ജോലിയാണ്. വെറും ചന്ദ പിരിച്ചെടുക്കുകയും അതിന്റെ റിപ്പോർട്ടു നല്കുകയും ചെയ്യുക എന്നതുമാത്രമല്ല അവരുടെ ജോലി. പ്രസ്തുത ഈ വ്യവസ്ഥിതിയെ വിശ്വാസയോഗ്യമാക്കേണ്ടതും കേന്ദ്രത്തിലേയും തദ്ദേശ ജമാഅത്തിലേയും വ്യവസ്ഥിതിയിൽ ശക്തമായ ബന്ധം ഉണ്ടാക്കേണ്ടതും അമീറുമാരുടെ ജോലിയാണ്.

ഇതുപോലെതന്നെ ഒരു കാര്യം മുബല്ലിഗുമാരും മുറബ്ബിമാരും ബന്ധപ്പെട്ട് പറയാനാഗ്രഹിക്കുകയാണ്. ചിലയിടങ്ങളിൽ മുബല്ലിഗുമാരുടേയും മുറബ്ബിമാരുടേയും മീറ്റിംഗുകൾ കൃത്യമായി എല്ലാ മാസവും ഉണ്ടാകാറില്ല. ഈ മീറ്റിംഗ് കൃത്യമായി നടത്തേണ്ടത് മുബല്ലിഗ് ഇൻചാർജിന്റെ ചുമതലയാണ്. ജമാഅത്തുപരമായ തർബിയ്യത്തിന്റേയും തബ്ലീഗിന്റേയും പ്രവർത്തനവും പരിശോധിക്കേണ്ടതാണ്. ആരെങ്കിലും നല്ല പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് അഭിപ്രായവിനിമയം ചെയ്യേണ്ടതാണ്. ആരെങ്കിലും നല്ല പ്രവർത്തനും ചെയ്തിട്ടുണ്ടെങ്കിൽ അതിൽനിന്ന് ഫലമെടുക്കാൻ മറ്റുള്ളവരും ശ്രമിക്കുക. ഇതുപോലെതന്നെ ജമാഅത്തിന്റെ സെക്രട്ടറിമാർ ജമാഅത്തുകൾക്ക് നിർദേശങ്ങൾ കൊടുക്കുകയോ അല്ലെങ്കിൽ കേന്ദ്രത്തിന്റെ നിർദേശപ്രകാരം ജമാഅത്തുകൾക്ക് നിർദേശങ്ങൾ അയക്കുകയോ ചെയ്താൽ അതിന്റെ റിപ്പോർട്ടും നല്കേണ്ടതാണ്. ഇതു സംബന്ധമായി ഓരോ ജമാഅത്തിലും എത്രകണ്ട് പ്രവർത്തനം നടക്കുന്നുണ്ടെന്ന് മുറബ്ബിമാരും നോക്കുക. എവിടെയാണോ സെക്രട്ടറിമാർ പ്രവർത്തനനിരതരല്ലാത്തത്, പ്രത്യേകിച്ചും തബ്ലീഗ് തർബിയ്യത്ത് സാമ്പത്തിക കാര്യങ്ങളിൽ-അവിടെ മുബല്ലിഗുമാരും മുറബ്ബിമാരും അവരോടു പറയേണ്ടതാണ്.

അല്ലാഹു അടുത്ത മൂന്നു വർഷത്തേക്ക് സേവനം ചെയ്യാൻ അവസരം നല്കിയിരിക്കുന്ന ഈഘട്ടത്തിൽ കൂടുതൽ ജോലി തങ്ങളുടെ എല്ലാ കഴിവുകളോടും കൂടി നിറവേറ്റാനും തങ്ങളുടെ എല്ലാ വാക്കിലൂടേയും പ്രവൃത്തിയിലൂടേയും ജമാഅത്തിൽ മാതൃകയായിത്തീരാനും എല്ലാ ഭാരവാഹികൾക്കും തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഒരു ജനാസയും നമസ്കരിപ്പിക്കുന്നതാണ്. ഇത് ജനാസ ഗായിബാണ്. സാഹിബ് സാദ മിർസാ മുനീർ അഹ്മദ് സാഹിബിന്റെ ഭാര്യ സാഹിബ്സാദി ത്വാഹിറ സിദ്ദീഖ സാഹിബയുടേതാണ് ഈ ജനാസ. 2016 ജൂലായ് 13 ന് വൈകുന്നേരം 6 മണിക്ക് അവർ ഇഹലോകവാസം വെടിഞ്ഞു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഹദ്റത്ത് നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റേയും നവാബ് അമത്തുൽ ഹഫീള് ബീഗം സാഹിബയുടേയും മകളായിരുന്നു. ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ പൗത്രിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗഹിത്രിയും ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ മരുമകളുമായിരുന്നു. അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ മൂസിയ ആയിരുന്നു. 95-ാം വയസ്സിലാണ് വഫാത്തായത്. പ്രാഥമിക വിദ്യാഭ്യാസം മെട്രിക്വരെ ഖാദിയാനിലാണ് കരസ്ഥമാക്കിയത്. ഹദ്റത്ത് അമ്മാൻ ജാൻ(റ) അവരെ തന്റെ മകളാക്കിയിരുന്നു. അവരോടു പ്രത്യേകമായ സ്നേഹവും വാത്സല്യപൂർവമായ പെരുമാറ്റവുമായിരുന്നു. ഝലമിൽ സാഹിബ് സാദ മിർസാ മുനീർ അഹ്മദ് സാഹിബിന്റെ കൂടെയായിരുന്നു താമസം. അവിടെയായിരുന്നു കുറച്ചുമാസംമുമ്പേ എതിരാളികൾ അഗ്നിക്കിരയാക്കിയ അദ്ദേഹത്തിന്റെ( മിർസാ മുനീർ അഹ്മദ് സാഹിബിന്റെ)ചിപ്പ് ബോർഡ് ഫാക്ടറി ഉണ്ടായിരുന്നത്. അവിടെ ഇവർ സ്വദ്ർ ലജ്ന എന്ന നിലയിലും സേവനം ചെയ്തുകൊണ്ടിരുന്നു. പിന്നീട് 1974-ൽ ഉണ്ടായ കലഹത്തിൽ ഝലം ജമാഅത്തിന്റെ വലിയൊരു ഭാഗം ഇവിടെ ചിപ്പ്ബോർഡ് ഫാക്ടറിയിൽ സംഘടിച്ചിരുന്നു. ആ നാളുകളിൽ പരേത ജമാഅത്തംഗങ്ങൾക്ക് വളരെ നല്ല നിലയിൽ ആതിഥ്യവും നലകിയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ മകൻ മിർസാ അനസ് അഹ്മദ് സാഹിബിന്റെ ഭാര്യ അമത്തുൽ ഹസീബ് ബീഗം സാഹിബ അവരുടെ ഒരു മകളാണ്. മിർസാ നസീർ അഹ്മദ് സാഹിബാണ് ഒരു മകൻ. ഇദ്ദേഹം ഝലമിലെ അമീർ ജമാഅത്തായിരുന്നിട്ടുണ്ട്. ഇപ്പോഴുമായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ഫാക്ടറി അഗ്നിക്കിരയായപ്പോൾ ഝലം വിടേണ്ടി വന്നു. ഇപ്രകാരംതന്നെ ഹദ്റത്ത് ഖലീഫത്തുൽമസീഹ് നാലാമന്റെ മരുമകൻ മിർസാ സഫീർ അഹ്മദും അവരുടെ മകനാണ്. പരേത സൽസ്വഭാവിയും മന്ദസ്മിതവദനയും സുശീലയുമായിരുന്നു. ക്ഷമാശീലയും അല്ലാഹുവിനോടു നന്ദിപ്രകടിപ്പിക്കുന്നവരും ദുആ ചെയ്യുന്നവരും തഹജ്ജുദ് നമസ്കരിക്കുന്നവരും ആരാധനയിൽ അത്യാസക്തിഉൾക്കൊള്ളുന്ന മഹതിയുമായിരുന്നു. ഖിലാഫത്തിനോടും അഗാധമായ ബന്ധമുണ്ടായിരുന്നു. സാമ്പത്തിക പദ്ധതികളിൽ അത്യുത്സാഹത്തോടെ പങ്കെടുക്കുമായിരുന്നു. അതിഥിസൽക്കാരവും അവരുടെ സവിശേഷതയായിരുന്നു. ജമാഅത്ത് വ്യവസ്ഥിതിയിൽ വളരെയധികം അഭിമാനം കൊണ്ടിരുന്നു. ഖിലാഫത്ത് വ്യവസ്ഥിതിക്കെതിരായ ഒരുകാര്യവും സഹിക്കുമായിരുന്നില്ല. ആരെങ്കിലും വ്യവസ്ഥിതിക്കെതിരെ, ഖിലാഫത്തിന്നെതിരെ എന്തെങ്കിലും പറഞ്ഞാൽ ഉടനെ തടയുമായിരുന്നു. ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് അമ്മാജാൻ തന്റെ മകളാക്കിയിരുന്നു. ഹദ്റത്ത് അമ്മാജാൻ തന്റെ സ്ത്രീധനത്തിന്റെ വ്യക്തിപരമായ ധാരാളം സാധനങ്ങൾ അവർക്കു കൊടുത്തിരുന്നു. അതിൽ ഹദ്റത്ത് അമ്മാജാന്റെ പേരും എഴുതിയിട്ടുണ്ട്.

അല്ലാഹു പരേതയുടെ പദവികൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകളിലൂടെ നടക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഖിലാഫത്തുമായി അവരെ എപ്പോഴും ബന്ധപ്പെടുത്തി നിറുത്തുമാറാകട്ടെ.

---

**(പേജ് 2ൽ നിന്ന്)**

ത്തിന്റെ മനോഹാരിതയിലേക്ക് ആകർഷിച്ചെടുക്കുന്നതായിരിക്കും. ഇത്തരത്തിലുള്ള അതുല്യമായ മാതൃകയും പെരുമാറ്റവും ജൽസ സാലാനയിൽ മാത്രം താല്ക്കാലികമാകാൻ പാടില്ല. മറിച്ച് അതിനുശേഷവും തുടരേണ്ടതാണ്. അത് തഖ്വയിലും പരിശുദ്ധിയിലും അഭിവൃദ്ധിപ്പെടുന്നതിലേക്ക് ഒരു സ്ഥിരമായ യാത്രയായിത്തീരണം.

ഞാൻ നിങ്ങളോടു തബ്ലീഗിന്റെ ഉത്തരവാദിത്വങ്ങളെ സംബന്ധിച്ചും പറയാനാഗ്രഹിക്കുന്നു. എല്ലാ അഹ്മദികളും തബ്ലീഗ് ചെയ്യേണ്ടത് നിർബന്ധമാണ്. വിജയപ്രദമായ തബ്ലീഗിന് നിങ്ങളുടെ ഉത്തമമായ മാതൃക സ്ഥാപിക്കേണ്ടതും അങ്ങേയറ്റം പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് നമ്മുടെ കർമങ്ങൾ ഇസ്ലാമികാധ്യാപനങ്ങളനുസരിച്ചാണെങ്കിൽ, നമ്മുടെ ഓരോ വാക്കും പ്രവൃത്തിയും വിശുദ്ധ ഖുർആനിന്റെ നിർദേശമനുസരിച്ചാണെങ്കിൽ, നമ്മുടെ സ്വഭാവവും പെരുമാറ്റവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ചാണെങ്കിൽ അത് നിങ്ങളുടെ നാട്ടുകാർക്കും എന്നല്ല മുഴു ലോകത്തിനും അഹ് മദിയ്യത്തിന്റെ സന്ദേശം എത്തിക്കുന്നതിന് നല്ല മാർഗമായിത്തീരുന്നതാണ്. അഹ്മദിയ്യാ ഖിലാഫത്തിന്റെ ജോലി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷനെ മുന്നോട്ടു വളർത്തുക എന്നതാണ്. ഓരോ അഹ്മദിയും ബയ്അത്ത് ചെയ്യുമ്പോൾ ബയ്അത്തു പ്രതിജ്ഞ പൂർത്തിയാക്കുമെന്നും കാലത്തിന്റെ ഖലീഫയെ നല്ലരീതിയിൽ അനുസരിക്കുമെന്നുമാണ് പ്രതിജ്ഞ ചെയ്യുന്നത്. അതുകൊണ്ട് ഒരു അഹ്മദി ഖലീഫത്തുൽ മസീഹിന്റെ കൈയ്ക്ക് ബയ്അത്ത് ചെയ്യുമ്പോൾ ആ പ്രതിജ്ഞ പൂർത്തിയാക്കാൻ പ്രവർത്തിക്കേണ്ടതും നിർബന്ധമാണ്. ജമാഅത്തിലെ ഓരോ അംഗവും ഖലീഫത്തുൽ മസീഹിന്റെ നിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഉന്നത നിലയിലുള്ള അനുസരണവും ഐക്യവും ഉണ്ടാകുന്നതാണ്. ഇസ്ലാമിക പ്രബോധനം അഭിവൃദ്ധിപ്പെടുകയും മനുഷ്യകുലത്തിനു സേവനം ചെയ്യാനുള്ള വിസ്മയകരമായ വഴികൾ തുറക്കുകയും ചെയ്യുന്നതാണ്.

ഞാൻ ഇതും നിങ്ങളെ ഉപദേശിക്കുകയാണ്. നിങ്ങളും നിങ്ങളുടെ കുടുംബവും കൂടുതലായി എം.ടി.എ കേൾക്കുക. എന്റെ ഖുത്ബകളും വിവിധ അവസരങ്ങളിൽ ചെയ്തിട്ടുള്ള പ്രഭാഷണങ്ങളും കേൾക്കുക. ഇതുമുഖേന ഖിലാഫത്തുമായിട്ടുള്ള നിങ്ങളുടെ ബന്ധം സുദൃഢമാകുമെന്ന് മാത്രമല്ല, എം.ടി.എ യിലെ മറ്റു പരിപാടികൾ കാണുന്നതുകൊണ്ട് ഇസ്ലാമിന്റെ സൗന്ദര്യത്തെ കുറിച്ചും അമൂല്യങ്ങളായ വിശേഷഗുണങ്ങളെ കുറിച്ചും നിങ്ങളുടെ അറിവും വർധിക്കുന്നതാണ്.

ജൽസസാലാനയിൽ പങ്കെടുക്കുന്ന കാരണത്താൽ, അതിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ചെയ്തിട്ടുള്ള ദുആകളിലും നിങ്ങൾ ഭാഗഭാക്കാകുന്നു എന്നു പറയാനും ഞാൻ ആഗ്രഹിക്കുകയാണ്. അവിടന്ന് പറയുന്നു:

“ഞാൻ അല്ലാഹുവിനോടു ദുആ ചെയ്യുന്നു. അല്ലാഹുവിനുവേണ്ടിയുള്ള ഈ ജൽസയിൽ പങ്കെടുക്കുന്നതിനുവേണ്ടി യാത്ര ചെയ്യുന്ന ഓരോരുത്തരോടുമൊപ്പം അവൻ ഉണ്ടായിരിക്കുമാറാകട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നല്കുമാറാകട്ടെ. അവരിൽ കരുണ ചൊരിയുമാറാകട്ടെ. സർവാധിപനും കാരുണ്യവാനും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നവനുമായ അല്ലാഹുവേ! ഈ എല്ലാ ദുആകളും സ്വീകരിച്ചാലും. ഞങ്ങൾക്ക് ഞങ്ങളുടെ എതിരാളികളുടെമേൽ തെളിമയാർന്ന ദൃഷ്ടാന്തങ്ങളോടുകൂടി വിജയം പ്രദാനം ചെയ്താലും; എല്ലാ ഓരോ കഴിവും ശക്തിയും നിനക്കു മാത്രമല്ലൊ. ആമീൻ !(ഇശ്തിഹാർ 1891 ഡിസംബർ 7)

അല്ലാഹു നിങ്ങളുടെ ജൽസ സാലാനയെ മഹത്തായ വിജയം നല്കി അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങൾക്കെല്ലാവർക്കും തഖ്വയിലും ആത്മീയതയിലും ഏറ്റവും കൂടുതൽ അഭിവൃദ്ധിപ്പെടാൻ തൗഫീഖ് നല്കുമാറാകട്ടെ. വസ്സലാം

നിങ്ങളുടെ ഗുണകാംക്ഷി,<br>
മിർസാ മസ്റൂർ അഹ്മദ്<br>
ഖലീഫത്തുൽ മസീഹ് അൽഖാമിസ്

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 18 August Issue-24

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ)

**(കഴിഞ്ഞ ലക്കത്തിൽ നിന്ന്)**

ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാൻ ഇക്കാര്യം അറിഞ്ഞപ്പോൾ സന്തോഷത്തോടെ നബിയുടെ അടുത്തു വന്നു. തന്റെ സ്വന്തം വീട് ഹദ്റത്ത് ഫാത്വിമയ്ക്കു താമസിക്കാൻ വിട്ടുകൊടുക്കുകയും ചെയ്തു. അങ്ങനെ ഫാത്വിമ, നബി(സ)തിരുമേനിയുടെ സമീപത്ത് എത്തിച്ചേർന്നു.ആ സന്ദർഭത്തിൽ നബി(സ) ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാനുവേണ്ടി ദുആ ചെയ്തു: 'അല്ലാഹു താങ്കളിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ.

**വിവാഹശേഷമുള്ള ജീവിതം:** ഹദ്റത്ത് ഫാത്വിമ(റ) പരിശുദ്ധയും അധികമധികമായി ആരാധനാകർമങ്ങൾ നിർവഹിക്കുന്നവരും അങ്ങേയറ്റം ദയാലുവുമായിരുന്നു. ദരിദ്രരെ സഹായിക്കുന്നതിൽ മുൻപന്തിയിലായിരുന്നു. സ്വയം പട്ടിണിയിലായിട്ടുകൂടി ഭിക്ഷക്കാർ ആരെങ്കിലും വീട്ടുപടിക്കൽ വന്നാൽ വെറുംകൈയോടെ മടക്കുമായിരുന്നില്ല. ഹൃദയംഗമമായ നിലയിൽ ഭർത്താവിനെ അനുസരിച്ചിരുന്നു. സന്തോഷത്തോടെ ഭർത്താവിനെ സേവിച്ചിരുന്നു. ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിക്കുകയും ക്ഷമയോടെ ലളിതമായ ജീവിതം നയിക്കുകയും അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തയുമായിരുന്നു. പരാതിയുടെ ഒരക്ഷരംപോലും നാവിൽ കൊണ്ടുവരുമായിരുന്നില്ല. പദ്യങ്ങൾ രചിക്കാറുണ്ടായിരുന്നു. നബി(സ)യുടെ വേർപാടിൽ വിലാപഗാനം രചിച്ചിരുന്നു. ഹദ്റത്ത് ഫാത്വിമ(റ) നാണത്തിന്റേയും ലജ്ജയുടേയും പ്രതിരൂപമായിരുന്നു. തന്റെ ജനാസയുടെ മേൽ പൂർണമായും പർദ പാലിക്കണമെന്ന് ഹദ്റത്ത് ഫാത്വിമ(റ)വസിയ്യത്തു ചെയ്തിരുന്നു. ഹദ്റത്ത് ഫാത്വിമായുടെ സൽപെരുമാറ്റവും സവിശേഷഗുണങ്ങളും സൗശീലങ്ങളും കണ്ട് അല്ലാഹു പുണ്യവതികളായി പ്രഖ്യാപിച്ചവരുടെ പട്ടികയിൽ ഫാത്വിമയേയും നബി(സ)തിരുമേനി ഉൾപ്പെടുത്തിയിരുന്നു. ഹദീഥിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു: 'ലോകത്ത് പിന്തുടരാൻ പറ്റിയ സ്ത്രീകളിൽ നിങ്ങൾക്കു മതിയായവരാണ് മർയമും ഖദീജയും ആസിയയും ഫാത്വിമയും.'(റദിയല്ലാഹു അൻഹും). ഹദ്റത്ത് ഫാത്വിമ(റ) എല്ലാ പ്രവർത്തിയിലും അല്ലാഹുവിന്റെ തൃപ്തിയെ മുന്തിച്ചിരുന്നു. അതിരറ്റ ക്ഷമയും സഹനവും ഫാത്വിമയിൽ പ്രകടമായിരുന്നു. സൗശീലയുമായിരുന്നു.

ഭക്ഷണം കഴിക്കുന്നതിനുമുമ്പേ അയൽപക്കത്ത് തീ പുകഞ്ഞിട്ടുണ്ടോ എന്ന് തീർച്ചയായും നോക്കിയിരുന്നു. അവിടെ ഒന്നും വെച്ചിട്ടില്ലെങ്കിൽ തന്റെ വീട്ടിൽനിന്ന് കൊടുത്തു വിടുമായിരുന്നു. എല്ലാവരേയും സഹായിച്ചു. സ്വന്തം ബന്ധുമിത്രാദികളോടുള്ള പെരുമാറ്റം പറയേണ്ടതില്ലല്ലോ? അന്യരോടു എന്നല്ല ശത്രുക്കളോടുപോലും നല്ല നിലയിൽ പെരുമാറി.

ഹദ്റത്ത് അലി(റ) മുസ്‌ലിമായതിനുശേഷം യഹൂദി അയൽവാസിയായ ശംഊൻ, ഒരുപാട് ദ്രോഹിച്ചുകൊണ്ടിരുന്നു. അയാളുടെ ഭാര്യ മരണപ്പെട്ടപ്പോൾ അയാളോട് എന്തെങ്കിലും ചോദിക്കാൻ പോലും ആരുമുണ്ടായില്ല. അയാളുടേയും ഭാര്യയുടേയും എതിർപ്പുകളെല്ലാം മറന്ന് രാത്രിനേരത്ത് ചാദുർ പുതച്ച് ഹദ്റത്ത് ഫാത്വിമ(റ)അവരുടെ വീട്ടിൽ പോകുകയും ആ സ്ത്രീയുടെ മയ്യിത്ത് കുളിപ്പിച്ച് വീട്ടിൽ തിരിച്ചു വരികയും ചെയ്തു. അശരണരെ സഹായിച്ചു. ഒരിക്കൽ ഒരു നവമുസ്‌ലിം വിശന്നു വലഞ്ഞു വീട്ടിൽവന്നു. വീട്ടിൽ ധാന്യമൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെകൂടെ ഹദ്റത്ത് സൽമാനുൽ ഫാരിസിയും(റ) ഉണ്ടായിരുന്നു. ഹദ്റത്ത് ഫാത്വിമ(റ) തന്റെ പുതപ്പു പണയം വെച്ചിട്ട് ധാന്യം വാങ്ങി വരാൻ പറഞ്ഞു. അങ്ങനെ ധാന്യം കടം കിട്ടിയപ്പോൾ പൊടിച്ച് റൊട്ടി ഉണ്ടാക്കി. ഹദ്റത്ത് ഹസനും ഹുസയ്നും(റ) കുറച്ച് എടുത്തുവയ്ക്കാൻ ഹദ്റത്ത് സൽമാനുൽഫാരിസി(റ) ഹദ്റത്ത് ഫാത്വിമയോടു പറഞ്ഞപ്പോൾ ഹദ്റത്ത് ഫാത്വിമ(റ) പറഞ്ഞു: 'അവരെ ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ഇതിൽനിന്ന് എടുത്തുവെക്കുന്നത് ശരിയല്ല.' ഒരു യഹൂദിയുടെ കൈയിൽ പുതപ്പ് പണയം വെച്ചിട്ടാണ് ഹദ്റത്ത് സൽമാനുൽഫാരിസി(റ) ധാന്യം വാങ്ങി വന്നത്. അയാൾ ഇതറിഞ്ഞപ്പോൾ മുസ്‌ലിമായി. നിവേദനം ഇങ്ങനെയാണ്. ഒരു നവമുസ്‌ലിമിനു വേണ്ടിയാണല്ലോ ഹദ്റത്ത് ഫാത്വിമ(റ) ഇത്രയേറെ ബുദ്ധിമുട്ട് സഹിച്ചത്. അയാൾ അല്പം മുമ്പേ നബി(സ)തിരുമേനിയോട് അപമര്യാദയോടെ പെരുമാറിയിട്ടാണ് അവിടെ വന്നത്. അയാളുടെ പെരുമാറ്റം അങ്ങനെയായിരുന്നിട്ടും നബി(സ) അയാളോടു പ്രതികരിച്ചത് നല്ല രീതിയിലായിരുന്നു. അത് അയാളെ വല്ലാതെ സ്വാധീനിക്കുകയും പെട്ടെന്ന് അയാൾഇസ്‌ലാംസ്വീകരിക്കുകയുംചെയ്തു. ആ മനുഷ്യൻ അങ്ങേയറ്റം ദരിദ്രനായിരുന്നു. ആ സമയത്ത് അസഹ്യമായ വിശപ്പും അയാൾക്കുണ്ടായിരുന്നു. ഈ സംഭവം നടക്കുമ്പോൾ ഹദ്റത്ത് സൽമാനുൽഫാരിസി(റ) അടുത്തുണ്ടായിരുന്നു. അങ്ങനെ അയാളേയുംകൂട്ടി അവിടെ നിന്നിറങ്ങിയതാണ്. വഴിയിലായിരുന്നു ഹദ്റത്ത് ഫാത്വിമയുടെ(റ)വീട്. അതു കണ്ടപ്പോൾ അവിടെയൊന്ന് കയറിയതാണ്. അങ്ങനെയാണ് മുകളിൽ പറഞ്ഞ സംഭവങ്ങളെല്ലാം നടക്കുന്നത്. ഇതെല്ലാം പിന്നീട് ഹദ്റത്ത് സൽമാനുൽഫാരിസി(റ), നബി(സ)തിരുമേനിയോടു പറഞ്ഞു. നബി(സ) തന്റെ കരളിന്റെ കഷണമായ ഫാത്വിമ(റ)യുടെ വീട്ടിൽ വന്നു. കൈയുയർത്തി ദുആ ചെയ്തു: 'ഇലാഹീ, ഫാത്വിമ നിന്റെ ദാസിയാണ്. അവളെ നീ ഇഷ്ടപ്പെട്ടാലും.' മകളോടു പറഞ്ഞു: 'ക്ഷമ കൈക്കൊള്ളുക, ക്ഷമയുടെ ഫലം അല്ലാഹുവിന്റെ പക്കൽ അമാനത്താണ്.' സൃഷ്ടിസേവനത്തിന്റെ എത്രമാത്രം ഉദാത്തമായ സ്ഥാനമാണിത്. വീട്ടിൽ മൂന്നു ദിവസം അടുപ്പിച്ച് പട്ടിണിയാണ്. ഭിക്ഷക്കാരൻ വീട്ടുപടിക്കൽ വരുന്നു, വെറുംകൈയോടെ മടക്കുന്നത് ശരിയല്ലെന്ന് കരുതി, തന്റെ പുതപ്പു പണയംവെച്ച് ധാന്യം വാങ്ങി ഇടിച്ചുപൊടിച്ചു റൊട്ടി ഉണ്ടാക്കിക്കൊടുത്തിട്ട് സ്വയം പട്ടിണി കിടക്കുന്നു. ഇതെല്ലാം ചെയ്തത് അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടു മാത്രമായിരുന്നു.

ഹദ്റത്ത് ഫാത്വിമയിൽനിന്ന് ഹദീഥ്ഗ്രന്ഥങ്ങളിൽ ധാരാളം നിവേദനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വലിയവലിയ സ്വഹാബാക്കളാണ് അതു നിവേദനം ചെയ്തിട്ടുള്ളത്. അതായത് ഹദ്റത്ത് അലിയ്യുബ്നു അബീത്വാലിബ്(റ), ഹദ്റത്ത് ഹസൻ(റ),ഹദ്റത്ത് ഹുസയ്ൻ(റ), ഹദ്റത്ത് ആയിശാ(റ),ഹദ്റത്ത് അനസുബ്നു മാലിക്(റ).

**കുടുംബ വിശേഷങ്ങൾ:** ജീവിതം മുഴുവൻ ഞെരുക്കവും വിഷമവും ആയിരുന്നിട്ടും ഉള്ളതിൽ തൃപ്തിപ്പെട്ടും സഹിച്ചും നന്ദി കാണിച്ചും ഹദ്റത്ത് ഫാത്വിമ(റ)ജീവിച്ചുപോന്നു; ലളിതമായ ജീവിതം. വീട്ടുജോലികളെല്ലാം സ്വന്തം ചെയ്തു. ധാന്യങ്ങൾ ആട്ടിയാട്ടി കൈകളിൽ തഴമ്പായി. വീടും മുറ്റവും സ്വയം അടിച്ചുവാരി വൃത്തിയാക്കി. അടുപ്പിന്റെ അടുത്തിരിക്കുന്നതുകൊണ്ട് വസ്ത്രങ്ങങ്ങൾ പുകപിടിച്ച് വേഗം മുഷിയാറുണ്ടായിരുന്നു. ഈ വിഷമങ്ങളെല്ലാം കണ്ടിട്ട് ഹദ്റത്ത് അലി(റ) ഒരിക്കൽ പറഞ്ഞു: 'ഇപ്പോൾ വിജയത്തിന്റെ കാലമാണ്, നബി(സ)തിരുമേനിയുടെ പക്കൽ ധാരാളം തടവുകാർ വന്നിട്ടുണ്ട്. നബിയുടെ അടുക്കൽപോയി ഒരു അടിമയെ ചോദിക്കുക.' ആദ്യം പോയെങ്കിലും ഹദ്റത്ത് ഫാത്വിമ (റ)നാണിച്ചിട്ട് ചോദിക്കാതെ മടങ്ങിവന്നു. രണ്ടാമത് ഹദ്റത്ത് അലിയേയും കൂട്ടിപ്പോയി. പറഞ്ഞു: 'വെള്ളം കോരിക്കോരി നെഞ്ചു വേദനിക്കുന്നു. ധാന്യം ആട്ടിപ്പൊടിച്ച് കൈകൾ തഴമ്പുകൊണ്ട് നിറഞ്ഞു. അങ്ങയുടെ പക്കൽ ധാരാളം തടവുകാർ വന്നിട്ടുണ്ടല്ലോ, ആരെയെങ്കിലും സഹായത്തിനു കിട്ടിയാൽ കൊള്ളാമായിരുന്നു.' ഇതു കേട്ടപ്പോൾ നബി(സ) പറഞ്ഞു, 'അല്ലാഹുവാണ, നിങ്ങൾക്കു രണ്ടുപേർക്കും ഒരു തടവുകാരനേയും തരാൻപറ്റില്ല. നിങ്ങളെക്കാൾ അധികം അതിന്നർഹർ ബദ്റിലെ യത്തീംകളാണ്.' അവർക്ക് സൗന്ദര്യവർധക വസ്തുക്കളൊന്നും നബി(സ) ഇഷ്ടപ്പെട്ടിരുന്നില്ല. ഒരിക്കൽ നബി(സ) ഒരു യുദ്ധം കഴിഞ്ഞു മടങ്ങിവന്നു. ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ കർട്ടൺ തൂക്കിയിട്ടിരിക്കുന്നതുകണ്ട് വെറുപ്പ് പ്രകടിപ്പിച്ചു. അതു ഫാത്വിമയ്ക്ക് മനസ്സിലായപ്പോൾ ഉടനെ അഴിച്ചുമാറ്റി. കുട്ടികളുടെ കൈയിൽ വെള്ളി വളകൾ കിടക്കുന്നതു കണ്ടപ്പോൾ അതു താൻ ഇഷ്ടപ്പെടുന്നില്ലെന്ന് നബി(സ)പറഞ്ഞുടനെ അതും അഴിച്ചുമാറ്റി. അതിനുപകരം ഫാത്വിമയ്ക്ക് കൊമ്പിന്റെ ഒരു മാലയും കുട്ടികൾക്ക് ആനപ്പല്ലിന്റെ വളയും വാങ്ങാൻ പറഞ്ഞു. ഹദ്റത്ത് ഫാത്വിമയ്ക്ക്, ഹദ്റത്ത് അലി(റ)സ്വർണമാല കൊണ്ടു വന്നതാണ്. പക്ഷേ, നബി(സ) അതിഷ്ടപ്പെട്ടില്ല. കൊമ്പിന്റെ മാല വാങ്ങിപ്പിച്ചു.താൻ വീട്ടുജോലി ചെയ്ത് ക്ഷീണിച്ചു പോകുന്നു, വല്ലാതെ ബുദ്ധിമുട്ടുന്നുവെന്ന് ഹദ്റത്ത് ഫാത്വിമ(റ)പറഞ്ഞപ്പോൾ നബി(സ)പറഞ്ഞു: 'വീട്ടുവേലക്കാരെക്കാൾ ഉത്തമമായത് ഞാൻ നിനക്കു പറഞ്ഞു തരട്ടെ, ഉറങ്ങാൻ കിടക്കുമ്പോഴും എല്ലാ നമസ്കാരത്തിനുശേഷവും 33 പ്രാവശ്യം സുബ്ഹാനല്ലാഹ് എന്നും 33 പ്രാവശ്യം അൽഹംദുലില്ലാഹ് എന്നും 34 പ്രാവശ്യം അല്ലാഹു അക്ബർ എന്നും ചൊല്ലി ശരീരം മുഴുവൻ ഊതുക. (തുടരും)

**(പേജ് 1ൽ നിന്ന്)**

ജനം ചെയ്യുകയില്ല. എന്തുകൊണ്ടെന്നാൽ അതിന്റെ അർഥം അല്ലാഹുവിനെ മാത്രം വിശ്വസിക്കുന്നത് മോക്ഷത്തിന് മതിയായതാണെന്നല്ല. മറിച്ച് അതിന്റെ ഉദ്ദേശ്യം ആരാണോ സർവശ്രേഷ്ഠനും സർവ ഗുണങ്ങളും ഒത്തു ചേർന്നവനുമായ അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനെ ദൈവം ഒരിക്കലും പാഴാക്കിക്കളയാതെ മെല്ലെ മെല്ലെ അവനെ ഇസ്‌ലാമിലേക്ക് കൊണ്ട് വരുന്നതായിരിക്കും എന്നാണ്. കാരണം, ഒരു സത്യം മറ്റൊരു സത്യത്തിൽ പ്രവേശിക്കുന്നതിനെ സഹായിക്കുകയും അല്ലാഹുവിൽ പ്രത്യേകമായും വിശ്വസിക്കുന്നവർ അവസാനം സത്യം പ്രാപിക്കുകയും ചെയ്യുന്നതുമാണ്.(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസായിൻ വാല്യം 22 പേജ് 147-149)

## ഇർശാദുന്നബ്‌വി(സ)

"ധിക്കാരിയായ ഭരണാധിപന്റെ മുമ്പിൽ ന്യായം പറയലാണ് ഏറ്റവും വലിയ ജിഹാദ്." (തുർമുദി)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

## ഇർശാദുന്നബ്‌വി(സ)

"കപടവിശ്വാസിയുടെ ലക്ഷണം മൂന്നാകുന്നു; സംസാരിച്ചാൽ കളവു പറയുക. വാഗ്ദത്തം ലംഘിക്കുക. വിശ്വസിച്ചാൽ ചതിക്കുക." (മുസ്‌ലിം)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin